14

# മുന്നറിയിപ്പ്! മുൻപിൽ ഒളിഞ്ഞിരിക്കുന്ന പാറകൾ!

## (4:32- 5:14)

യൂദയുടെ ലേഖനത്തിൽ, അനേക വർണ്ണത്തിലുള്ള ദൃഷ്ടാന്തം ദുരുപദേഷ്ടാക്കളെക്കുറിച്ചു നല്കുന്നുണ്ട്. വർഷങ്ങൾക്കു മുൻപു എന്നെ ആകർഷിച്ചതു: "ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ *മറഞ്ഞു*കിടക്കുന്ന പാറകൾ എന്നതാണ്"[1] (വാക്യം 12; ASV; എംഫസിസ്മൈൻ). "സ്നേഹ - വിരുന്ന്" എനിക്കറിയാമായിരുന്നു ആദിമ ക്രിസ്ത്യാനികൾ[2] എല്ലാവരും ചേർന്നു കൂട്ടായ്മയായി ഭക്ഷണം കഴിച്ചതാണ്. ആ ഭക്ഷണത്തിലെ കല്ലുകളായിരിക്കാം "ഒളിഞ്ഞുകിടക്കുന്ന പാറകൾ." ഞാൻ ബീൻസ് പാത്രത്തിൽ[3] ഉണ്ടായിരുന്ന കല്ലുകളും ഹാംബെർഗറിലെ എല്ലുകളും കടിച്ചിട്ടുണ്ട്, ഈ ചിത്രീകരണം അസാധാരാണവും അനവസരവും ആണെന്നു വിചാരിച്ചേക്കാം. അപ്രതീക്ഷിതമായി ചിലതു നല്ല ആഹാരത്തെ നശിപ്പിക്കും - ദുരുപദേഷ്ടാക്കൾ ക്രിസ്തുവിലുള്ള നമ്മുടെ കൂട്ടായ്മയേയും നശിപ്പിക്കും!

"ഒളിഞ്ഞു കിടക്കുന്ന പാറകൾ" എന്നതിനെ പറ്റിയുള്ള എന്റെ വ്യാഖ്യാനം ഉജ്ജ്വലമായിരുന്നു - തെറ്റുമായിരുന്നു. ഞാൻ വളർന്നതു ഓക്ലഹോമിൽ അല്ലായിരുന്നെങ്കിൽ, അർത്ഥം മറ്റൊന്നാകുമായിരുന്നു. അവസാനം, "ഒളിഞ്ഞു കിടക്കുന്ന പാറകൾ" സൂചിപ്പിക്കുന്ന കടൽ നിരപ്പിന്നു താഴെ ഒളിഞ്ഞു കിടക്കുന്ന പാറകൾ ആണെന്നും, അവ വളരെ ഗൗരവമായ ഭീഷണിയാണ് കടൽ സഞ്ചാരികൾക്കു വരുത്തുന്നതു എന്നും പഠിച്ചു. NASB ഉപയോഗിച്ചിരിക്കുന്നത് "ഹിഡ്ഡൻ റീഫ്സ്" എന്നാണ്. റോമിലേക്കുള്ള പൗലോസിന്റെ യാത്രയിൽ, "മറഞ്ഞുകിടക്കുന്ന പാറകൾ" അവൻ സഞ്ചരിച്ച കപ്പലിന്നു ദുരന്തം വരുത്തി (27:41). നൂറ്റാണ്ടുകളായി, അസംഖ്യം കപ്പലുകൾ ഒളിഞ്ഞു കിടന്ന പാറകളിൽ തട്ടിയിട്ടുണ്ട്.[4]

പ്രവൃത്തി 4 ന്റെ അവസാനവും പ്രവൃത്തി 5ന്റെ ആരംഭവും, ഞാൻ

പഠിച്ചപ്പോൾ യൂദാ 12ലെ പ്രതിപാദ്യം മനസിലേക്കുവരുന്നു. 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ, സഭ വ്യക്തമായ കപ്പൽ യാത്ര ആസ്വദിച്ചു.[5] 4-ാം അദ്ധ്യായത്തിൽ ഉപദ്രവം എന്ന ആദ്യകൊടുങ്കാറ്റുയർന്നു, എന്നാൽ സഹോദരന്മാർ കൊടുങ്കാറ്റിനെ സഹിച്ചു. എന്നിരുന്നാലും, ഒരു മറഞ്ഞു കിടക്കുന്ന പാറ മരണകാരണമായി മുൻപിൽ കിടക്കുന്നു. അദ്ധ്യായം 5-ൽ – മറഞ്ഞു കിടക്കുന്ന പാറ സഭയെ നശിപ്പിക്കാൻ കഴിയുന്നതാണ്!

### തെളിഞ്ഞ ആകാശം (4:32-37)

പേടിപ്പിക്കുന്ന എതിർപ്പിന്റെ നിലവിളിക്കുശേഷം, കുറച്ചു നാളത്തേക്കു സഭ തെളിഞ്ഞ ആകാശം കണ്ടു. നല്ല കാറ്റും അടിച്ചിരുന്നു. 4:32–37 വരെ ലൂക്കോസ് കഥ തുടരുകയാണ്, സ്നേഹം, ആദരവ്, ഔദാര്യം എന്നിവ 2:43–47 വരെ തുടരുന്നു. ക്രൂശിന്റെ നിഴലിൽ, യേശു തന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിച്ചു. അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു വിശ്വസിക്കു ന്നവർ ഒന്നാകേണ്ടതിനായിരുന്നു പ്രാർത്ഥിച്ചത് (യോഹന്നാൻ 17:20, 21). ആ പ്രാർത്ഥന സഭയുടെ ആദ്യഘട്ടത്തിൽ തന്നെ ഫലിച്ചു:[6] “ക്രിസ്തുവിൽ വിശ്വസിച്ച ഇടവക ഏക ഹൃദയവും ഏക മനസുമുള്ളവർ ആയിരുന്നു”[7] (വാക്യം 32). “ഇടവക” എന്ന വാക്കു അക്ഷരികമായി തർജ്ജിമ ചെയ്തിരിക്കുന്നതു ‘‘പുരുഷാരം’’[8] എന്നാണ്. അവർ കാണുന്നതിൽ *അനേക*രായിരുന്നു, എന്നാൽ അവർ *ഒന്നായിരുന്നു.* അവർക്കുപൊതുവായി ക്രിസ്തുവിലുണ്ടായിരുന്ന ബന്ധമായിരുന്നു ഒന്നാക്കിയത്!

അവരുടെ ഐക്യത ത്യാഗത്തോടു കൂടിയ ഔദാര്യത്തിനു കാരണമാക്കി:

> ... വിശ്വസിച്ചിരുന്നവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസും ഉള്ളവരായിരുന്നു; എന്നാൽ തനിക്കുള്ളതു ഒന്നും സ്വന്തം എന്നു ആരും പറഞ്ഞില്ല ... സകലവും അവർക്കു പൊതുവായിരുന്നു, അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞുവന്നു, എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു. മുട്ടുള്ളവൻ ആരും അവരിൽ ഉണ്ടായിരുന്നില്ല; നിലങ്ങളുടേയോ വീടുകളുടെയോ ഉടമസ്ഥന്മാരായവർ ഒക്കെയും അവയെ വിറ്റു വില കൊണ്ടുവന്നു, അപ്പൊസ്തലന്മാരുടെ കാൽക്കൽ വെക്കും; പിന്നെ ഓരോരുത്തനു[9] അവനവന്റെ ആവശ്യം പോലെ വിഭാഗിച്ചു, കൊടുക്കും (വാക്യം 32–35).

ദൈവം യിസ്രായേലിന്നു വാഗ്ദാനം ചെയ്തതു, “നിങ്ങളുടെ ഇടയിൽ ദരിദ്രൻ ഉണ്ടാകയില്ല,” എന്നാൽ അവിടെ ഒരു നിബന്ധനയുണ്ട്: “നിങ്ങൾ ... എന്റെ ചട്ടങ്ങളും വിധികളും പ്രമാണിച്ചാൽ” എന്നാണ് നിബന്ധന (ആവർത്തനപുസ്കം 15:4, 5). യിസ്രായേൽ ആ നിബന്ധന അനുസരിക്കുന്നതിൽ പരാജയപ്പെട്ടു, അതുകൊണ്ട് അവർക്കു ആ വാഗ്ദാനവും ലഭിച്ചില്ല. അവസാനം, അവന്റെ ജനമായ *ആത്മീയ*

യിസ്രായേൽ, ദൈവഹിതത്തിനായി സമർപ്പിക്കപ്പെട്ടു. അങ്ങനെ നാം അതിശയകരമായ ഈ വാക്കുകൾ വായിക്കുന്നു. "അവരിൽ മുട്ടുള്ള വർ ആരും ഉണ്ടായിരുന്നില്ല!"[10] നൂറ്റാണ്ടുകളായി ഈ മാതൃകാ ലക്ഷ്യ മാണ് അസംഖ്യം സമൂഹങ്ങൾ നടത്തിവരുന്നതു. ദാരിദ്ര്യം നേരിടു മ്പോൾ, "അവിടെ കൂടുതൽ സർക്കാർ പദ്ധതികളാണ് ആവശ്യമെന്നു" ലോകം പറയുന്നതു, കേൾക്കാം. ലൂക്കൊസ് പറയുന്നതു, "നമുക്കു ക്രിസ്തുവിന്റെ ആത്മാവാണ് കൂടുതൽ ആവശ്യം എന്നാണ്!"

ഈ സാഹചര്യം സാദ്ധ്യമായതു "അവരിൽ വസ്തുവകയുള്ളവർ ആരും അതു തങ്ങൾക്കു സ്വന്തം എന്നു പറഞ്ഞില്ല എന്നാണ്." ഒരു കുട്ടി ജനിക്കുമ്പോൾ, ആദ്യമായി പഠിക്കുന്ന വാക്ക് "എന്റെ" എന്നാണ്;[11] ഈ ആളുകൾ *വീണ്ടും* ജനിച്ചപ്പോൾ, അവർ ആദ്യം മറന്ന വാക്ക് "എന്റെ" എന്നാണ്. അവരുടെ കൈവശമുണ്ടായിരുന്നതിനെ അവർ "നമ്മുടേത്" എന്നു കരുതി - അവരുടെ സമ്പാദ്യം അന്യോന്യമുള്ള സഹോദരന്മാരാണെന്ന് അവർ കരുതി. അതിലും പ്രാധാന്യമുള്ളതു, എങ്ങനെയാണ്, "*അവരുടെ*" സമ്പാദ്യം: *ദൈവത്തിന്റേയും*[12] അവർ ഓരോരുത്തരും വെറും കാര്യവിചാരകന്മാരുമാണെന്നും അവർ തിരി ച്ചറിഞ്ഞു എന്നതാണ്. തങ്ങൾക്കുള്ളതിൽ ചിലതോ മുഴുവനോ അവന്റെ മക്കൾക്കു ഭക്ഷണത്തിനായി ഉപയോഗിക്കാൻ ദൈവം ആഗ്രഹിക്കു ന്നുവെങ്കിൽ, അവർക്ക് അതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ.

ഇതിനർത്ഥം എല്ലാ ക്രിസ്ത്യാനികളും അവർക്കുണ്ടായിരുന്ന സ്വത്തെല്ലാം വിറ്റു പൊതുവായ ഫണ്ടാക്കി എന്നു അർത്ഥമാക്കരുത്.[13] മറിച്ച്, വ്യക്തികളായ ക്രിസ്ത്യാനികൾ അവരുടെ വസ്തുവകകൾ വിറ്റു അവരുടെ സഹോദരങ്ങളുടെ *ആവശ്യങ്ങൾ* നിറവേറ്റി. "*സമയാസമ യങ്ങളിൽ* നിലങ്ങളും വീടുകളും ഉണ്ടായിരുന്നവർ വിറ്റു എന്നാണ് NIV പറയുന്നത് ..." (എംഫസിസ് മൈൻ). ശരിയായ നടപടിക്രമം എങ്ങ നെയായിരുന്നു എന്നു നമുക്കുറിഞ്ഞുകൂടാ.[14] ചിലപ്പോൾ പണം കുറ വു വന്നപ്പോൾ, അതു പരസ്യമായി പ്രഖ്യാപിക്കും അതു കേട്ടു വസ്തുവകയുള്ളവർ വന്നിരിക്കാം. അല്ലെങ്കിൽ അവരുടെ മീറ്റിങ്ങിൽ, പ്രത്യേക ആവശ്യങ്ങൾ അറിയിക്കയും ഓരോരുത്തർ സ്വയമായി അവർ ക്കുണ്ടായിരുന്നതെല്ലാം വിറ്റു, "ഇതു മതി" എന്നു പറയുവോളം കൊണ്ടു വന്നിരിക്കാം![15]

നടപടി എന്തായിരുന്നാലും, "[അവരുടെ വസ്തുക്കൾ] അവർ വിറ്റു. വിറ്റു കിട്ടിയതെല്ലാം, അപ്പൊസ്തലന്മാരുടെ കാല്ക്കൽ കൊണ്ടു വന്നു വെച്ചിരുന്നു."[16] ആദ്യം ആവശ്യങ്ങൾ നിറവേറ്റുന്ന വിതരണം അപ്പൊ സ്തലന്മാരുടെ ഉത്തരവാദിത്വമായിരുന്നു. (പിന്നീട് ഈ പ്രവൃത്തി ഒരു ഭാരമായി തീരുകയും, അവർക്കു സഹായം ആവശ്യമായി തീരുകയും ചെയ്തു, 6:1-4.)

അപ്പൊസ്തലിക നിയമം കൊണ്ടായിരുന്നില്ല ക്രിസ്ത്യാനികൾ ഇതു ചെയ്തത് (5:4), അവർക്കു സ്വാഭാവികമായി ഉണ്ടായ സാഹോദര്യസ്നേ ഹവും കരുതലുമാണ് അവരെ അതു ചെയ്യുവാൻ പ്രേരിപ്പിച്ചത്! സ്വമ നസാലെയുണ്ടായ ഔദാര്യമായിരുന്നു അവരുടേത്. കർത്താവിന്റെ സഭ യിൽ ഈ മനോഭാവം ഉള്ളതു നിങ്ങൾ കണ്ടിട്ടുണ്ടോ എന്നെനിക്ക

റിഞ്ഞുകൂടാ. പക്ഷെ ഞാൻ കണ്ടിട്ടുണ്ട്. ഞാൻ എല്ലായ്പ്പോഴും "ക്ഷേമ സംസ്ഥാനത്ത്" കഴിഞ്ഞതുകൊണ്ടു ആവശ്യമുള്ളവരെ സ ഹായിക്കാൻ ഓരോരുത്തരും നികുതി കൊടുക്കുന്നു, പ്രാദേശിക ധർമ്മ പ്രവൃത്തികൾക്കു ഇത്തരം പ്രതികരണം ഞാൻ കണ്ടില്ല.[17] എങ്കിലും, കർത്താവിന്റെ സഭയിലെ അംഗങ്ങൾ സന്തോഷത്തോടെ അവരുടെ സമ്പാദ്യം പ്രാദേശിക ഇടവകയെ സഹായിക്കുന്നതിനു വിറ്റിട്ടുള്ളതു ഞാൻ, കണ്ടിട്ടുണ്ട് – പ്രത്യേകിച്ച് നഷ്ടപ്പെട്ട ലോകത്തിൽ സുവിശേഷം എത്തിക്കുന്നതിന്!

നിഗൂഹമായിരുന്ന പങ്കിടൽ വിവരണമാണ് 33-ാം വാക്യം: "അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറഞ്ഞുവന്നു, എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു." ഒറ്റനോട്ടത്തിൽ, ഈ വാക്യം അസ്ഥാനത്താണെന്നു തോന്നിയേക്കാം; എന്നാൽ 31-ാം വാക്യത്തിനുശേഷം യോജിക്കതന്നെ ചെയ്യും. രണ്ടാമതു ചിന്തിച്ചാൽ, എന്നാൽ, ഈ വാക്യം ഇവിടെ വെച്ചതു അന്നു സഭ സ്നേഹവും ഔദാര്യവും കാണിച്ചതിന്റെ *ഫലമാണെന്നു* തെളിയും: *പ്രസംഗ* സന്ദേശത്തിനു ശക്തി ലഭിക്കുന്നതു ആ സന്ദേശം *ജീവിക്കുമ്പോഴാണ്.* "കൃപ" എന്നതു തർജ്ജിമ ചെയ്തിരിക്കുന്നതു ഒരുപക്ഷേ *സകലജനത്തിന്റേയും*[18] കൃപ എന്നായിരിക്കാം 2:47-ൽ പറയുന്നത്. "അവർ ഔന്നത്യത്തിലെത്തിയിരുന്നു എന്നു" NEB പറയുന്നു. ക്രിസ്ത്യാനികൾ അവരുടെ ഇടയിൽ ചെയ്യുന്ന ഈ പ്രവൃത്തിയിൽ അക്രൈസ്തവർ വളരെ ആകൃഷ്ടരായി. അതുകൊണ്ടു അവർ അപ്പൊസ്തലന്മാരുടെ വാക്കുകൾ അതീവ ശ്രദ്ധയോടെ കേട്ടു. ക്രിസ്തുവിനെ പോലെ; ക്രിസ്ത്യാനികൾ ആകുക എന്ന സുവിശേഷപ്രസംഗത്തിനു ബദലായി മറ്റൊന്നുമില്ല. ക്രിസ്തു വിനെ പോലെ ആകാതെ ജീവിക്കുക എന്ന സുവിശേഷപ്രസംഗത്തെപോലെ ഉപദ്രവകരമായ മറ്റൊന്നില്ല!

ക്രിസ്ത്യാനികളുടെ ഈ പൊതുവായ ഔദാര്യമനസ്ഥിതിയെ വിവരിച്ചശേഷം, ലൂക്കോസ് ഒരു പ്രത്യേക സംഭവത്തെ എടുത്തു കാണിക്കുകയാണ്:

> (പ്രബോധനപുത്രൻ എന്നു അർത്ഥമുള്ള), ബർന്നബാസ് എന്നു അപ്പൊസ്തലന്മാർ മറുപേർ വിളിച്ച,[20] കുപ്രദ്വീപുകാരനായ യോസേഫ്,[19] എന്നൊരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റു,പണം[21] കൊണ്ടു വന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു[22] (വാക്യം 36, 37).

പ്രവൃത്തികളുടെ പുസ്തകത്തിൽ "ഒരു ചെറിയ വ്യക്തിത്വം ഉള്ള" ബർന്നബാസിനെ, പരിചയപ്പെടുത്തുന്നതു ഇവിടെയാണ്. ബർന്നബാസ് എന്ന പേർ പ്രവൃത്തികളുടെ പുസ്തകത്തിൽ ഇരുപത്തിയഞ്ചു പ്രാവശ്യവും ലേഖനങ്ങളിൽ അഞ്ചു പ്രാവശ്യവും പറഞ്ഞിട്ടുണ്ട്.

തന്റെ ജാതികളായ വായനക്കാർക്കു ലൂക്കൊസ് "ബർന്നബാസ്" എന്നതിന്റെ അർത്ഥം അറിയിക്കുന്നുണ്ട്. "ബാർ" എന്നതിന്റെ അർത്ഥം

"സൺ ഓഫ്"[23] എന്നാണ്. "ബർന്നബാസ്" എന്നതിനു "പ്രബോധന പുത്രൻ" എന്നർത്ഥം[24] (അല്ലെങ്കിൽ "ആശ്വാസപുത്രൻ"[26] "സൺ ഓഫ് കൺസോലേഷൻ"[25] അല്ലെങ്കിൽ "സൺ ഓഫ് എക് സോർട്ടേഷൻ"[27]) എന്നും പറയാം. യോസേഫിനെ ബർന്നബാസ് എന്നു വിളിക്കാൻ കാരണം *ഉപദേശ*സാമർത്ഥ്യമാകാം, പ്രബോധനം സഭ എങ്ങനെ അറിയിക്കേണമോ അതു അവൻ നല്കിയിരിക്കും. അത്തരം ഉപദേശം നടന്ന ഒരുദാഹരണം നമുക്കുണ്ട് (11:23, 24). അവൻ തന്റെ സമയമധികവും, എന്നാൽ, സഭയിലെ വ്യക്തികളെ ഉപദേശിക്കുവാനും പ്രബോധിക്കുവാനും അവൻ ചെലവിട്ടു. അവൻ *എല്ലായ്പ്പോഴും* പ്രാർത്ഥിച്ചു, പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു കണ്ടതുകൊണ്ടാകാം അപ്പൊസ്തലന്മാർ അവനെ പ്രബോധന പുത്രൻ എന്നു വിളിച്ചത്. അവൻ ആ പേരിൽ അറിയപ്പെട്ടതിന്റെ കാരണം, എന്തായാലും: നമുക്ക് ഇന്നു സഭയ്ക്കു കൂടുതൽ "പ്രബോധന പുത്രന്മാർ" ആവശ്യമാണ്!

ഈ പ്രത്യേക ഔദാര്യ ഉദാഹരണം ലൂക്കോസ് തിരഞ്ഞെടുക്കുന്നതിന്റെ കാരണം എന്തായിരിക്കും? ഒരുപക്ഷേ ഈ പ്രമുഖവ്യക്തിയെ ഈ പുസ്തകത്തിൽ പരിചയപ്പെടുത്താനാകാം. അല്ലെങ്കിൽ ഒരുപക്ഷേ, ബർന്നബാസിന്റെ പ്രത്യേക വരത്തെ ചൂണ്ടി കാണിക്കുന്നതിനാകാം. അവൻ ലേവ്യനായിരുന്നു എന്ന പോയിന്റ് ലൂക്കൊസ് ചൂണ്ടിക്കാണിക്കുന്നു. ആരംഭത്തിൽ പാലസ്തീനിൽ സ്ഥലം വീതിച്ചു കൊടുത്തപ്പോൾ, പട്ടണത്തിലെ പുൽപുറങ്ങൾ ഒഴിച്ച് ലേവ്യർക്കു ഓ ഹരി കിട്ടിയിരുന്നില്ല (അവർ ദേവാലയം കൊണ്ട് ഉപജീവനം നടത്തണമായിരുന്നു).[28] ഒരുപക്ഷേ ലേവ്യനായതുകൊണ്ടു, ബർന്നബാസിനു സ്ഥലം നേടുവാൻ പ്രയാസമായിരിക്കുന്നതിനേക്കാൾ[29] – അതു നല്കുന്നതിന്നും വിഷമം ആയിരുന്നേക്കാം. ലൂക്കൊസ് ഈ പ്രത്യേക സംഭവം പറയാനുള്ള കാരണം എന്തായാലും, അവന്റെ സ്നേഹവരം പിന്നീടു വരുന്ന ഒരാളുടേതിനു നേരെ വിപരീതമായിരുന്നു.[30]

### ഒളിഞ്ഞുകിടക്കുന്ന പാറകൾ (5:1-11)

സഭ ഐകമത്യത്തിൽ, അഭിനന്ദിക്കപ്പെടുകയും, വളരുകയും ചെയ്തു. സാത്താനു ഇതു സഹിക്കാൻ കഴിഞ്ഞില്ല! അവൻ സഭയെ ഭിന്നിപ്പിക്കാൻ തീരുമാനിച്ചു, അപകീർത്തിപ്പെടുത്താൻ ശ്രമിച്ചു![31] ഉപദ്രവത്തിലൂടെ – സഭയെ പുറത്തുനിന്നു നശിപ്പിക്കാൻ അവൻ ശ്രമിച്ചു. ഇപ്പോൾ അകത്തു നിന്നു നാട്യത്താൽ – സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നു.

> എന്നാൽ[32] അനന്യാസ് എന്നു പേരുള്ള ഒരു പുരുഷൻ, തന്റെ ഭാര്യയായ സഫീരയോടു കൂടെ, ഒരു നിലം വിറ്റു,[33] ഭാര്യയുടെ അറിവോടെ, വിലയിൽ കുറെ എടുത്തുവെച്ചു ഒരംശം കൊണ്ടു വന്നു, അപ്പൊസ്തലന്മാരുടെ കാല്ക്കൽ വെച്ചു (വാക്യം 1, 2).

സഭയിലെ രേഖപ്പെടുത്തിയ ആദ്യപാപമായിരുന്നു. അനന്യാസിന്റേയും സഫീരയുടേയും ആദ്യത്തെ പാപമായിരുന്നില്ല – എല്ലാവരും

പാപം ചെയ്തു (റോമർ 3:23) – എന്നാൽ രേഖപ്പെടുത്തിയിരിക്കുന്ന ഒന്നാമത്തേതാണ്.

ആ മനുഷ്യന്റെ പേര് അനന്യാസ് എന്നായിരുന്നു, അർത്ഥം "യഹോവ കൃപാലുവായിരുന്നു" എന്നാണ്. അവൻ ദൈവത്തിന്റെ കൃപയെക്കുറിച്ചു പഠിച്ചവനായിരുന്നു; താമസിയാതെ ദൈവത്തിന്റെ നീതിയേയും അവൻ പഠിക്കും. അവന്റെ ഭാര്യയുടെ പേർ സഫീര എന്നായിരുന്നു, അർത്ഥം "ഭംഗിയുള്ള" എന്നാണ്. അവൾക്കു ഒരുപക്ഷേ മനോഹരമായ മുഖം ഉണ്ടായിരുന്നേക്കാം, പക്ഷേ അവളുടെ ആത്മാവു ഭംഗിയുള്ളതായിരുന്നില്ല.

അവരുടെ പാപത്തെ മനസിലാക്കുന്നതു പ്രാധാന്യമുള്ള കാര്യമാണ്. അവരുടെ പാപം വസ്തുവാങ്ങുന്നതോ,വില്ക്കുന്നതോ (ലാഭമുണ്ടാക്കുന്നതോ ആയിരുന്നില്ല). അവരുടെ ആവശ്യത്തിനായി ഒരംശം സൂക്ഷിച്ചു വെച്ചതും പാപമായിരുന്നില്ല. 4-ാം വാക്യം ഇതു വ്യക്തമാക്കുന്നുണ്ട്. മറിച്ച്, അവരുടെ പാപം ഒരംശം കൊണ്ടു വന്നിട്ടു മുഴുവൻ കൊണ്ടു വന്നു എന്നു വരുത്തി തീർക്കാൻ ശ്രമിച്ചതായിരു ന്നു (വാക്യം 3, 8).

ആരംഭത്തിൽ, ഗ്രീക്കുകാർ ഒരു വേദിയിലെ അഭിനേതാവിനെ വിളിച്ചിരുന്ന വാക്കായിരുന്നു "ഹിപ്പൊക്രിറ്റ്" എന്നത്.[34] അക്കാലത്തു, അഭിനേതാക്കൾ മുഖംമൂടി ധരിച്ചിരുന്നു: ചിരിക്കുന്ന മുഖംമൂടി ഹാ സ്യത്തെ സൂചിപ്പിക്കുന്നു, നെറ്റി ചുളുങ്ങിയ മുഖംമൂടി ദുഃഖത്തെ സൂചിപ്പിക്കുന്നു. കാലം കഴിഞ്ഞതോടെ, "ഹിപ്പോക്രിറ്റ്" എന്നതു ഒരാൾ അല്ലാത്തതിനെ ആണെന്നു നടിക്കുന്ന ഒന്നായി മാറി, താൻ വാസ്തവത്തിൽ ആരാണെന്നു മറയ്ക്കുകയാണ്, "മുഖംമൂടി" ധരിക്കുന്നതിലൂടെ. (കർത്താവു കാപട്യത്തെ എങ്ങനെ കരുതുന്നു എന്നു മത്തായി 23 പറയുന്നു.)

താൻ ആരായിരിക്കണമോ അതാകുന്നതിൽ പരാജയപ്പെടുന്നതു കാപട്യമല്ല; നമ്മിൽ "ആകേണ്ടതുപോലെ" ആയിട്ടില്ല. കാപട്യം എന്നത് *മനപ്പൂർവ്വമായ* വഞ്ചനയാണ്. അനന്ന്യാസും സഫീരയും അവരുടെ വഞ്ചനയ്ക്കു *പദ്ധതിയിട്ടു.* അവർ ആ പദ്ധതിയ്ക്കായി "യോജിച്ചു സമ്മതിച്ചു" (വാക്യം 9). കാപട്യം മനഃപൂർവ്വം ചെയ്യുന്ന പാപമാണ് (എബ്രായർ 10:26-29).

അവർ എന്തുകൊണ്ടാണ് വഞ്ചിക്കാൻ തീരുമാനിച്ചതെന്നു ലൂക്കൊസ് പറയുന്നില്ല, പക്ഷേ നമുക്കു വിദ്യാഭ്യാസപരമായി ഊഹിക്കാം.[35] ബർന്നബാസിന്നു തന്റെ വരവിന്നു പ്രത്യേക അംഗീകാരം കിട്ടി (നല്കലിൽ "ബർന്നബാസിന്നു" സൽപേർ കിട്ടിയിരിക്കാം). അനന്യാസും സഫീരയും അതേ മുഖസ്തുതി കാംക്ഷിച്ചിരിക്കും. സർ റിച്ചാർഡ് സ്റ്റീലേ പറഞ്ഞു, "മനസിലെ എല്ലാ രോഗങ്ങളിലും, കൂടുതൽ പകരുന്ന ഒന്നാണ് മുഖസ്തുതിയെ ഇഷ്ടപ്പെടുന്നതു എന്ന്."[36]

അവർ രണ്ടുപേരും തങ്ങളുടെ നിലം വില്ക്കുവാൻ വിചാരിച്ചപ്പോൾ, അവരുടെ ദ്രവ്യാഗ്രഹവും മുഖസ്തുതി അനുഗ്രഹവും തമ്മിൽ കൂട്ടിമുട്ടി (1 തിമൊഥെയൊസ് 6:10). നിലത്തിനു നല്ല വിലകിട്ടി കാണും, പക്ഷെ അവരുടെ അത്യാഗ്രഹം മുഴുവൻ കൊണ്ടുവരുവാൻ അവരെ

അനുവദിച്ചില്ല. അവർ അന്വേഷിച്ചതു: ബർന്നബാസ് സഹിച്ച ത്യാഗം കൂടാതെ ബർന്നബാസിനു ലഭിച്ച മുഖസ്തുതി കിട്ടുവാനാണ് അവർ ശ്രമിച്ചത്? അവർ അതിനു നിലം വിറ്റ വില *കളവായി* പറഞ്ഞു. ഒരിക്കൽ ഒലിവർ വെൻഡെൽ ഹോൾമെസ് പറഞ്ഞു, "പാപത്തിനു അനേക ഉപകരണങ്ങൾ ഉണ്ട്, എന്നാൽ അവ എല്ലാം യോജിച്ചു നില്ക്കുന്ന ഒരു കയ്യാണ് നുണ."[37]

അങ്ങനെ അനന്യാസ് തന്റെ പ്രഭാതം ആരംഭിച്ചു, അവന്റെ പണസഞ്ചി വീർത്തിരിക്കുന്നു.[38] (അവന്റെ വീട്ടിൽ മറച്ചുവെച്ച മറ്റൊരു നാണയ കൂമ്പാരത്തെ ആരും അറിയുന്നില്ല!) അവൻ നാണയങ്ങൾ കൊണ്ടിട്ടപ്പോൾ ജനക്കൂട്ടത്തിൽ നിന്നു മന്ദമായി പറഞ്ഞുകൊണ്ടിരുന്ന അംഗീകാരത്തെ കേട്ടു അവൻ ഒരുപക്ഷേ ചിരിച്ചിരിക്കാം. ഒരുപക്ഷേ അവനെ അവർ "ത്യാഗപുത്രൻ" എന്നോ "ഔദാര്യകർത്താവു" എന്നോ വിളിച്ചേക്കാം!

അവൻ അപ്പൊസ്തലന്മാരുടെ അടുക്കൽ എത്തിയപ്പോൾ,[39] തയ്യാറാക്കിയ നാട്യം അവതരിപ്പിച്ചു. അവൻ പറഞ്ഞതും ചെയ്തതും കൃത്യമായി നമുക്കറിഞ്ഞുകൂടാ, അവൻ അവതരിപ്പിച്ചതു ഏതാണ്ടു ഇതുപോലെ ആയിരിക്കും: "സഫീരയും ഞാനും വർഷങ്ങളായി ദൈവത്താൽ ഭൗതികമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അതു നിർഭാഗ്യവാന്മാരായ സഹോദരീ സഹോദരന്മാരെ സഹായിക്കുന്നതിനു ഞങ്ങൾക്കു സന്തോഷമേയുള്ളൂ. ഇന്നലെ ഞങ്ങളുടെ നല്ലൊരു കുടുംബസ്വത്തായ, എന്നാൽ (അല്പം നിർത്തിയിട്ട്) നിലം വിറ്റു." ഭയഭക്തിയോടെ, ആ പണം പത്രോസിന്റെ കാൽക്കൽ വെച്ചു, "പിന്നെയുള്ള നടപടി *ഇതാണ്*." പണം എത്രയുണ്ടെന്നു പറഞ്ഞശേഷം അവൻ മാറി നിന്നു കാണും, പ്രതികരണത്തിനായി, "അതൊന്നുമില്ല, വാസ്തവത്തിൽ ഒന്നുമില്ലായിരുന്നു." പകരം, തന്റെ ജീവിതത്തിൽ സംഭവിച്ച കാപട്യം പുറത്തുവന്നു അവനു ഷോക്കായി!

> അപ്പോൾ പത്രൊസ്, "അനന്യാസേ, പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാനും, നിലത്തിന്റെ വിലയിൽ കുറെ എടുത്തു വെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്തു? അതു വില്ക്കും മുമ്പേ, നിന്റേതായിരുന്നുവല്ലോ?
>
> വിറ്റശേഷവും, നിന്റെ കൈവശം അല്ലാഞ്ഞുവോ? ഈ കാര്യത്തിനു നീ മനസ്സു വെച്ചതു എന്തു? മനുഷ്യരോടല്ല ദൈവത്തോടത്രേ, നീ വ്യാജം കാണിച്ചത് എന്നു പറഞ്ഞു (വാക്യം 3, 4).

"സകലമനുഷ്യരുടേയും ഹൃദയങ്ങളെ അറിയുന്നവൻ" എന്നാണ് ദൈവത്തെ 1:24-ൽ പറഞ്ഞിരിക്കുന്നത് (എബ്രായർ 4:13). യേശുവിന്റെ വ്യക്തിപരമായ സുവിശേഷഘോഷണത്തിൽ, ആളുകളുടെ ചിന്ത അവൻ അറിഞ്ഞിരുന്നു എന്നു ശ്രദ്ധിക്കുക (മർക്കൊസ് 2:8). ഇപ്പോൾ, ദൈവാത്മാവിനാലും ക്രിസ്തുവിനാലും, അനന്യാസിന്റെ ആത്മാവിലെ തിന്മ[40] പത്രൊസ് പുറത്തുകൊണ്ടു വന്നു – മറഞ്ഞുകിടക്കുന്ന പാറയി

മ്മേലാണ് സഭ ക്ഷീണിച്ചുപോകുന്നത്.

പത്രൊസിന്റെ പ്രസ്താവനയെകുറിച്ചു പല വസ്തുതകളും നമ്മിൽ വരുത്തുന്നു. ഒന്നാമതു, പത്രൊസ് പറയുന്നതു, സാത്താനാണ്[41] അനന്യാസിന്റെ ഹൃദയത്തിൽ പാപം "നിറച്ചതു" എന്നാണ്. മുൻപു സൂചിപ്പിച്ച "നിറയൽ" എന്ന പദപ്രയോഗം കൊണ്ടുദ്ദേശിക്കുന്നതു – ദൈവ "നിയന്ത്രണം" അല്ലെങ്കിൽ പരിശുദ്ധാത്മ നിയന്ത്രണം ആണ് ദൈവത്തിനു മനുഷ്യഹൃദയത്തിൽ നിറഞ്ഞിരിക്കാൻ കഴിയുന്നതുപോലെ, സാത്താനും മനുഷ്യന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കാൻ കഴിയും. പദപ്രയോഗത്തിന്റെ അർത്ഥം "നിയന്ത്രണത്തിൻ കീഴിൽ" എന്നു തന്നെ. അനന്യാസ് തന്റെ ചിന്തയും പ്രവൃത്തിയും സാത്താനു നിയന്ത്രിക്കാൻ വിട്ടുകൊടുത്തു. അനന്യാസിന്റെ ഇഷ്ടത്തിനു എതിരായിട്ടല്ല എന്നാൽ, സാത്താൻ, ഇതു പ്രവർത്തിച്ചത്. പത്രൊസ് അനന്യാസിനോടു പറഞ്ഞു, "*നീ* ... ഈ കാര്യത്തിനു മനസ്സു വെച്ചതു എന്തു." സാത്താൻ അവനെ പരീക്ഷിച്ചിരിക്കാം, ഒരുപക്ഷേ അവസാനത്തെ പ്രവൃത്തിക്കു ഉത്തരവാദി അവനായിരുന്നേക്കാം![42] സാത്താൻ അനന്യാസിന്റെ ചെവിയിൽ മന്ത്രിക്കുന്നതു എനിക്കു കേൾക്കാം, "എല്ലാവരുടെ ചുണ്ടുകളും ബർന്നബാസിനെ കുറിച്ചു പറഞ്ഞതുപോലെ തന്നെക്കുറിച്ചും പറയണ്ടേ? ഞാൻ പറഞ്ഞു തരാം എങ്ങനെ ചെയ്യണമെന്ന്!" "ക്ഷമിക്കണം, അതിൽ എനിക്കു താല്പര്യമില്ല!" എന്നു അവൻ തറപ്പിച്ചു പറഞ്ഞിരുന്നെങ്കിൽ, പിശാച് ഓടിയേനെ (യാക്കൊബ് 4:7). പകരം, അനന്യാസ് തന്റെ ഹൃദയവാതിൽ തുറന്നിട്ടു പറഞ്ഞു, "ഇനിയും പറയൂ!" അപ്പോൾ സാത്താൻ അവന്റെ ആശയം അനന്യാസിന്റെ ഹൃദയത്തിൽ നിറച്ചു. സാത്താനെ നിങ്ങളുടെ ഹൃദയത്തിൽ കാലു കുത്താൻ അനുവദിക്കരുത്![43]

രണ്ടാമത്തെ കാര്യം പത്രൊസിന്റെ പ്രസ്താവനയിൽ നിന്നും ലഭിക്കുന്നതു അനന്യാസിനു നിലം വില്ക്കുന്നതിനു മുൻപും പിൻപുമുള്ള അവന്റെ തിരഞ്ഞെടുക്കുവാനുള്ള അവസരത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. വസ്തുവിന്റെ "നിയന്ത്രണം" എല്ലായ്പ്പോഴും അവനിലായിരുന്നു; വസ്തു എങ്ങനെ വേണമെങ്കിലും അവനു പാപം കൂടാതെ കൈകാര്യം ചെയ്യാമായിരുന്നു. അവന്നു അതു വില്ക്കാതെ ഇരിക്കാമായി*രുന്നു*, വിറ്റശേഷവും, പണം കൊടുക്കാതിരിക്കാമാ*യിരുന്നു*. വീണ്ടും, തറപ്പിച്ചു പറയട്ടെ അനന്യാസിന്റേയും സഫീരയുടേയും പാപം നിലത്തിന്റെ വിലയിൽ കുറെ എടുത്തു വെച്ചതല്ല, പിന്നെയോ കുറെ കൊണ്ടു വന്നിട്ടു മുഴുവൻ കൊണ്ടു വന്നു എന്നു *കാപട്യം* കാണിച്ചതാണ്.

മൂന്നാമതു, പത്രൊസ് അനന്യാസിനെ *കള്ളം* പറയുന്നതായി കുറ്റപ്പെടുത്തുന്നുണ്ട്. പിശാചു "നുണയനാണ്, അവൻ ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനുമാകുന്നു" (യോഹന്നാൻ 8:44). ഒരാളുടെ ഹൃദയത്തിൽ സാത്താൻ നിറഞ്ഞാൽ, കള്ളം സ്വാഭാവികമായി ഒഴുകും. പ്രധാനകാര്യം, എന്തായാലും, അനന്യാസ് കള്ളം പറഞ്ഞതു *ദൈവത്തോടാ*യിരുന്നു എന്നതാണ്. 3–ാം വാക്യത്തിൽ പത്രൊസ് പറഞ്ഞതു അനന്യാസ് "പരിശുദ്ധാത്മാവിനോടു" വ്യാജം കാണിച്ചു എന്നാണ്, പിന്നെ 4–ാം വാക്യത്തിൽ, "നീ വ്യാജം കാണിച്ചതു മനുഷ്യരോടല്ല,

ദൈവത്തോടത്രേ." എന്നു പറഞ്ഞിരിക്കുന്നു ഉദ്ദേശിച്ചതു ന്യൂനപദം[44] ആയിരിക്കാം അല്ലായിരിക്കാം – "നിങ്ങൾ മനുഷ്യരോടു മാത്ര*മല്ല* ദൈവത്തോടും വ്യാജം കാണിച്ചിരിക്കയാണ്"– എന്നാൽ ഊന്നൽ അനന്യാസ് *ദൈവ*ത്തോടു വ്യാജം കാണിച്ചു എന്നതിനാണ്.[45] "വ്യാജം" അനന്യാസിന്റെ മനസിൽ മാത്രമായിരുന്നെങ്കിൽ, അവൻ വിചാരിച്ചേനേ അവൻ അപ്പൊസ്തലന്മാരോടാണ് ... വ്യാജം കാണിച്ചതെന്ന്. അപ്പൊസ്തലന്മാർ, എങ്ങനെയായാലും, ദൈവാത്മാവു നിറഞ്ഞവരായിരുന്നു – സഭ ദൈവത്തിന്റെ മന്ദിരവുമാകുന്നു. അതുകൊണ്ട് അനന്യാസ് വ്യാജം കാണിച്ചപ്പോൾ, അവൻ ദൈവത്തോടായിരുന്നു വ്യാജം കാണിച്ചത്!

അടിസ്ഥാനപരമായി, എല്ലാ പാപവും ദൈവത്തിനെതിരാണ്. അതു മറ്റുള്ളവരെ ബാധിക്കാം ബാധിക്കാതിരിക്കാം; അതിന്റെ മൂല പാപം, സർവ്വ ശക്തനോടുള്ള മത്സരമാണ്![46] ഈ ചിന്ത നിങ്ങളുടെ മ നസിന്റെ പുറകിൽ വെക്കു. അനന്യാസിന്റേയും സഫീരയുടേയും പാപത്തിന്റെ ഫലം നാം ഒരു നിമിഷശേഷം നോക്കുമ്പോൾ അതു സഹായകരമാകും.

പത്രൊസ് അനന്യാസിനോടു പറഞ്ഞ വാക്കുകളെ സംബ ന്ധിച്ചു ഒന്നു കൂടെ പറഞ്ഞുകൊള്ളട്ടെ: പത്രൊസ് അനന്യാസിനെ ശപിച്ചില്ല. അനന്യാസിന്റെ പാപത്തോട് നേരെ പ്രതികരിക്കയാ ണ്, എന്നാൽ പത്രൊസിന്റെ വാക്കുകളിൽ മരണശിക്ഷയേയില്ല. തു ടർന്നു സംഭവിച്ചതിൽ മറ്റുള്ളവരെ പോലെ പത്രൊസും അതിശയിച്ചു കാണും.

> ഈ വാക്കു കേട്ടിട്ടു, അനന്യാസ് വീണു പ്രാണനെ വിട്ടു; ഇതു കേട്ടവർക്കു എല്ലാവർക്കും മഹാഭയം ഉണ്ടായി. ബാല്യക്കാർ എഴുന്നേറ്റു അവനെ ശീല പൊതിഞ്ഞു, പുറത്തുകൊണ്ടു പോയി, കുഴിച്ചിട്ടു (വാക്യം 5, 6).

ഈ വാക്യങ്ങളിൽ എത്തുമ്പോൾ, അധികം വ്യാഖ്യാതാക്കളും പല്ലു കടിക്കയും, വസ്ത്രം കീറുകയും, തലമുടി പിടിച്ചു വലിക്കയും ചെയ്യും.[47] ചിലർ കരയും, "അതു ഒരിക്കലും സംഭവിച്ചിരിക്കയില്ല! സംഭവം കണ്ടെത്തിയത് പിന്നീട് അംഗങ്ങളെ നേർവഴിയിൽ നിർത്തുവാനാണ്!" മറ്റുള്ളവർ പറയുന്നതു, "*അല്പം ചിലതു* സംഭവിച്ചിരിക്കാം, എന്നാൽ കഥ പിന്നീട് മോടി പിടിപ്പിച്ച് രഹസ്യാത്മകമായി അതിസ്വരത്തിൽ ഫലിപ്പിച്ചതാണ്!" ചിലർ വിചാരിക്കുന്നതു അനന്യാസ് ഉടനെ വീണു മരിച്ചിരിക്കാം, അതു, പത്രൊസിന്റെ വാക്കുകൾ കേട്ടു ഹൃദയാഘാതം ഉണ്ടായതുകൊണ്ടാണ്. ഏതാണ്ട് എല്ലാവരും പത്രൊസിനെ വിമർശിക്കയാണ്. ഒരാൾ കുറ്റപ്പെടുത്തിയതു. "അവൻ ക്രിസ്തുവിന്റെ ആത്മാവിനെ പൂർണ്ണമായി ഉൾക്കൊണ്ടിരുന്നില്ല!" എന്നാണ്. മറ്റൊരാൾ പത്രോസിന്റെ പ്രതിരോധത്തിൽ പറയുന്നതു (?): "മേയ്ക്കുന്ന പ്രവൃത്തിയിൽ അവൻ തുടക്കക്കാരനാണെന്നു നാം ഓർക്കണം, ഈ സംഭവം അവനെ കൂടുതൽ *സൗമ്യനായ* നടത്തിപ്പുകാരനാക്കുവാനാണ്!"

അനന്യാസിനു സംഭവിച്ചതിൽ നിന്നു പല കാര്യങ്ങൾ നാം മനസിലാക്കേണ്ടതുണ്ട്:

(1) ലൂക്കൊസ് പറഞ്ഞതു അങ്ങനെ തന്നെ സംഭവിച്ചു! ഇല്ലെങ്കിൽ, അവന്റെ പുസ്തകത്തിലെ സാക്ഷ്യം ഒന്നും വിശ്വാസയോഗ്യമല്ല എന്നു വരുന്നു!

(2) പത്രൊസ് *ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ* നയിക്കപ്പെട്ടാണ് അതു ചെയ്തതു! (പത്രൊസ് ചിലപ്പോൾ തെറ്റു ചെയ്തി ട്ടു ണ്ട് [ഗലാത്യർ 2:11–13], പക്ഷേ അവൻ നേരിട്ടു പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടപ്പോൾ അങ്ങനെ ആയിരുന്നില്ല!) 5:1–11 വരെയുള്ള വേദഭാഗത്തിലെ മുഖ്യകഥാപാത്രം അനന്യാസോ സഫീരയോ, പത്രൊസോ ആയിരുന്നില്ല, എന്നാൽ *പരിശുദ്ധാത്മാവായിരുന്നു!*

(3) *ദൈവത്തിന്റെ പ്രതിനിധിയായിട്ടാണ്* പത്രൊസ് സംസാ രിച്ചത്. അവനിലുണ്ടായിരുന്ന ആത്മാവാണ് അനന്യാസ് ചെയ്തതു വെളിപ്പെടുത്തി കൊടുത്തത്. അനന്യാസിന്റെ പാപം അപ്പൊസ്തലന്മാർക്കെതിരെയുള്ളതല്ല, ദൈവത്തി*നെതിരെയായിരുന്നു* എന്ന് അവൻ വെളിപ്പെടുത്തി.

(4) സംഭവിച്ചതു *ദൈവത്തിന്റെ* ന്യായവിധി ആയിരുന്നു.[48] "പ്രാണനെ വിട്ടു" എന്ന പദപ്രയോഗം സംയുക്ത ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ്. അതു യോജിച്ചതാണ് "സോൾ" പ്രിപ്പൊസിഷൻ "ഔട്ട്"[49] എന്നുമാണ്. ഈ അസാധാരണ വാക്കു പുതിയനിയമത്തിൽ മറ്റൊരു ഭാഗത്തുള്ളത് 12:23,[50] ഹെരോദാവിലും ഈ ന്യായവിധി സംഭവിച്ചിട്ടുണ്ട്: "അവൻ ദൈവത്തിനു മഹത്വം കൊടുക്കായ്കയാൽ *അവനെ ദൈവം അടിച്ചു*, അവൻ കൃമിക്കിരയായി തീർന്നു *മരിച്ചു*." (എംഫസിസ്മൈൻ.) "മരിച്ചു" എന്ന അതേ ഗ്രീക്കു വാക്കാ ണ് "പ്രാണനെ വിട്ടു" എന്നതിനും ഉള്ളത് 5:5. അനന്യാസ് മരിച്ചശേഷം, "കേട്ടവർക്കെല്ലാം മഹാഭയം ഉണ്ടായി എന്നതു ശ്രദ്ധിക്കുക." ഹൃദയാഘാതമാണ് സംഭവിച്ചതെങ്കിൽ ഇത്ര ഭയം ഉണ്ടാകുമോ? ഇല്ല. അനന്യാസിന്റെ മരണം ആളുകളെ *ദൈവ*ഭയം ഉള്ളവരാക്കി![51] (ഇതു "സംഭവിക്കാനിടയില്ല" എന്നു വിചാരിക്കുന്നവർ നാദാബിന്നും അബീഹുവിന്നും സംഭവിച്ചതു മറന്നിട്ടായിരിക്കും ലേവ്യാ പുസ്തകം 10 ഉസായ്ക്കു സംഭവിച്ചതും 2 ശമുവേൽ 6, പിന്നീട് ഹെരോദാവിനു സംഭവിച്ച തും പറയേണ്ടതില്ലല്ലോ പ്രവൃത്തി 12!)

സംഭവിച്ചതിനെ കുറിച്ചു കൂടുതലൊന്നും എനിക്കറിയില്ല. അനന്യാസിനു മാനസാന്തരപ്പെടുവാൻ അവസരം കിട്ടിയോ എന്നെനിക്കറിഞ്ഞുകൂടാ.[52] ദൈവം *എങ്ങനെ* അനന്യാസിനേയും സഫീരയേയും വീഴ്ത്തി എന്നെനിക്കറിഞ്ഞുകൂടാ.[53] ഇത്, എങ്ങനെയായാലും, ഒന്നെനിക്കറിയാം: ആ സംഭവിച്ചതിലൂടെ ദൈവം *അതിനുശേഷം* ജീവിക്കുന്ന ക്രിസ്ത്യാനികളേയും *ഇന്നു* ജീവിക്കുന്ന ക്രിസ്ത്യാനികളേയും (നിങ്ങളും ഞാനും അടക്കം) ഒരു വസ്തുത പഠിപ്പിക്കാൻ ആഗ്രഹിച്ചു.

കാലാകാലങ്ങളിൽ മനുഷ്യരുമായി ഏർപ്പെട്ടുകൊണ്ടു, *പാപത്തെ ദൈവം ഗൗരവമായി കാണുന്നു* എന്നതു ഊന്നി പറഞ്ഞിരിക്കയാണ്. പലപ്പോഴും, ഇതു തന്റെ ജനം ദൈവവുമായി ഒരു പുതിയബന്ധം സ്ഥാപിക്കാൻ തുടങ്ങുമ്പോൾ അങ്ങനെയാണ് പൗരോഹിത്യം സ്ഥാപിച്ചപ്പോൾ നാദാബിനേയും അബീഹുവിനേയും അഗ്നിക്കിരയാക്കിയത്

(ലേവ്യാപുസ്തകം 10), ദാവീദിന്റെ നേതൃത്വത്തിൽ ദൈവവുമായി ഒരു പുതിയ ഉടമ്പടി ഉണ്ടാക്കിയപ്പോഴായിരുന്നു ഉസയെ ദൈവം സംഹരിച്ചത് (2 ശമുവേൽ 6).

യിസ്രായേൽ ജനം വാഗ്ദത്തദേശത്തു പ്രവേശിക്കുമ്പോൾ ആഖാനു സംഭവിച്ചതു ഒരുപക്ഷേ ഇതിനു (പ്രവൃത്തി 5) സമാനമായി എടുക്കാം. "എടുത്തു വെച്ചു" എന്ന 5:2 ലെ അതേ വാക്ക് യോശുവ 7:1. ഗ്രീക്കിൽ തർജ്ജിമ ചെയ്തിരിക്കയാണ് ആഖാന്റെ സംഭവത്തിൽ യിസ്രായേൽ ജനം ആദ്യം കൈവശമാക്കേണ്ടിയിരുന്ന പട്ടണം യെരിഹോ ആയിരുന്നു. യോശുവ പറഞ്ഞു, എല്ലാ വിലയേറിയ ലോഹങ്ങളും കർത്താവിന്റെ ഭണ്ഡാരത്തിലേക്കു പോകും എന്ന്. പട്ടണം പിടിച്ചപ്പോൾ, അവിടെ മനോഹരവും വിലയേറിയതുമായ നിധികൾ ആഖാൻ കണ്ടെത്തി. സമയം വന്നപ്പോൾ അവൻ കണ്ടതിലേക്കു തിരിഞ്ഞു, അത്യാഗ്രഹത്താൽ കുറെ, "എടുത്തുവെച്ചു" എല്ലാം കൊടുത്തു എന്ന വ്യാജേന. പിൻ പറ്റിയതു വിപത്തായിരുന്നു. ആഖാന്റെ വഞ്ചന ദൈവ പദ്ധതിക്കു വിഘാതം വരുത്തി. കഥ അവസാനിക്കുന്നതു ആഖാനേയും അവന്റെ സമ്പാദ്യത്തേയും നശിപ്പിച്ചു കൊണ്ടാണ്.[54] തന്റെ ജനം വാഗ്ദത്ത ദേശത്തിന്റെ മുറ്റത്തെത്തിയപ്പോൾ, ദൈവം പാപത്തെ ഗൗരവമായി കാണുന്നു എന്ന് അവരെ ബോധ്യപ്പെടുത്തി കൊടുത്തു! നാനൂറു വർഷങ്ങൾക്കു ശേഷം, ദൈവത്തിന്റെ പുതിയ ജനം ക്രിസ്തീയ യുഗത്തിന്റെ മുറ്റത്ത് എത്തിയപ്പോൾ, അവരെ അതേ സത്യം പഠിപ്പിക്കുവാൻ ആഗ്രഹിച്ചു.

പ്രവൃത്തി 5 ലെ ദുഃഖകരമായ സംഭവം അവസാനിക്കുന്നതു ഇങ്ങനെയാണ്: "ബാല്യക്കാർ[55] എഴുന്നേറ്റു അവനെ ശീലപൊതിഞ്ഞു,[56] പുറത്തു കൊണ്ടുപോയി, കുഴിച്ചിട്ടു" (വാക്യം 6). ആഘോഷമോ[57] ആരവമോ ഒന്നുമില്ലാത്ത അടക്കം. നാദാബിന്റേയും അബീഹുവിന്റേയും സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു: "അവരെ അവരുടെ അങ്കികളോടു കൂടെ പാളയത്തിനു പുറത്തുകൊണ്ടുപോയി" (ലേവ്യാപുസ്തം 10:5).[58] അനന്യാസിനേയും സഫീരയേയും ഉടനെ അടക്കം ചെയ്തത്, യെരുശലേം നഗരത്തിൽ അടക്കം അന്നു തന്നെ നടത്തേണ്ടിയിരുന്നു എന്നതുകൊണ്ടാണെന്നു ചിലർ പറയുന്നു, ഉടനെയാണ് അടക്കം നടന്നതെങ്കിലും – അതിനു മറ്റു ചടങ്ങുകൾ ഒന്നുമില്ലാതെയായിരുന്നു. ആ അടക്കരീതി പഠിപ്പിക്കുന്ന പാഠത്തിന്റെ ഭാഗമാണ് ആഘോഷം കൂടാതെയുള്ള ഒരു വ്യക്തിയുടെ അടക്കം ഒരു മൃഗത്തെ കുഴിച്ചിടുന്നതിനു തുല്യമാണ് (യിരെമ്യാവ് 22:19).

ദുഃഖകരമായ സംഭവം അവസാനിക്കുന്നില്ല. II-ാം ഭാഗം വരാനിരിക്കുന്നതേയുള്ളു. ഈ സംഭവത്തിലെ മറ്റൊരു പങ്കാളിയായിരുന്നു സഫീര. "ഏകദേശം മൂന്നു മണി നേരം കഴിഞ്ഞപ്പോൾ, അവന്റെ ഭാര്യ ഈ സംഭവിച്ചതു ഒന്നും അറിയാതെ, അകത്തു വന്നു" (വാക്യം 7). എന്തുകൊണ്ടു സഫീര അനന്യാസിനോടു കൂടെ പോയില്ല? ഒരു പക്ഷേ അനന്യാസ് കുടുംബത്തലവനായതുകൊണ്ടാകാം പണം കൊണ്ടു പോയത്, വീട്ടിൽ മടങ്ങിവന്നാൽ ആവേശകരമായി സംഭവിച്ചതെല്ലാം വിശദീകരിക്കാമെന്ന് കരുതി. അവനെ കാണാ

ത്തതുകൊണ്ടു, അവൾ വിചാരിച്ചു അവിടെ അതിന്റെ ആഘോഷങ്ങൾ നടക്കുന്നതുകൊണ്ടാകാം താമസിക്കുന്നത് എന്ന്. സമയം കടന്നു പോയപ്പോൾ, എങ്ങനെയായാലും, അവൾ പരിഭ്രമിച്ചു (സാധാരണ ഭാര്യമാരെപ്പോലെ) – അവൾ ചെന്നു അവൻ വൈകിയതിന്റെ കാരണം കാണാമെന്നു വിചാരിച്ചു.[59]

അവളുടെ ഭർത്താവു മരിച്ചിട്ടു *മൂന്നു മണിക്കൂർ* കഴിഞ്ഞിട്ടും അവൾ അറിയാതിരുന്നതെന്തുകൊണ്ട്? അവിടെ കൂടി നിന്നവരോട്, പത്രൊസ് ആരോടും മിണ്ടരുത് എന്നു സ്പഷ്ടമാക്കിയിരിക്കും[60] – സംഭവിച്ചതിൽ മഹാഭയമുണ്ടായതുകൊണ്ടു അവർ അവൻ പറഞ്ഞതു അങ്ങനെ തന്നെ കേട്ടു![61] ഒരുപക്ഷേ പത്രൊസ് അവിടെ ഉണ്ടായിരുന്ന എല്ലാവരോടും ഇതു സഫീരയെ അറിയിക്കരുതെന്നു പറഞ്ഞിരിക്കാം, അങ്ങനെ അവൾക്കു നല്ലൊരു കേൾവി ലഭിക്കും എന്നതു അവൾക്കു മാനസാന്തരപ്പെടുവാനുള്ള അവസരവും ഒരുക്കിയതാവാം.[62] അവളുടെ ഭർത്താവിനു എന്തു സംഭവിച്ചു എന്നറിയാതെയാണ്, അവൾ വരുന്നതെങ്കിലും, തനിക്കു എന്തു സംഭവിക്കുമെന്ന് അറിയാതെയാണ് അവൾ മുറിക്കകത്തേക്കു, കടന്നത്.

അവൾ അകത്തു വന്നപ്പോൾ എന്തു പറഞ്ഞിരിക്കും? ഒരുപക്ഷേ താഴെ പറഞ്ഞിരിക്കുന്ന വിധമാകാം: "നിങ്ങൾ ആരെങ്കിലും എന്റെ ഭർത്താവിനെ കണ്ടോ? അനന്യാസ് വീട്ടിൽ നിന്നിറങ്ങിയിട്ടു മൂ ന്നു മണിക്കൂർ കഴിഞ്ഞു, എന്തു സംഭവിച്ചു എന്നറിഞ്ഞുകൂടാ! ഞാ നാകെ വിഷമിച്ചിരിക്കയാണ്!" അവൾ എന്തെല്ലാം പറഞ്ഞിട്ടും, അവ ളുടെ പ്രകടനം എന്തെല്ലാമായിരുന്നാലും "പത്രൊസ് പ്രതികരിച്ചു,[63] 'പറയു നിങ്ങൾ നിലം വിറ്റതു[64] അത്രക്കു തന്നെയോ?'"[65] (വാക്യം 8). ഒരുപക്ഷേ ആ പണക്കൂമ്പാരം അപ്പോഴും അവിടെ കൂടി കിടന്നതു ചൂണ്ടി കാണിച്ചിരിക്കാം.

ഈ ചോദ്യം സഫീരക്കു എത്രയോ അതിശയമായി തോന്നിയിരിക്കാം! അവൾ വന്നതു ഭർത്താവിനെ അന്വേഷിച്ചാണ്, ഇപ്പോൾ അവളുടെ ധർമ്മശേഖരത്തെ അവർ ചോദ്യം ചെയ്യുന്നു! അവളുടെ ഹൃദയമിടിക്കാൻ തുടങ്ങിക്കാണും എന്നു ഞാൻ ഊഹിക്കുന്നു. "എന്തോ കുഴപ്പം സംഭവിച്ചിട്ടുണ്ട്!" എന്നവൾ വിചാരിച്ചിരിക്കും. അവിടെ കൂടി നിന്നവരിൽ നിന്നു സംഭവിക്കുന്നതിനെ ക്കുറിച്ചു സൂചന കിട്ടുവാൻ അവൾ ചുറ്റും നോക്കി കാണും, പക്ഷെ കൂടി നിന്നവരുടെ മുഖത്തു ഒരു മാറ്റവുമില്ല. ആ തെറ്റു തിരുത്തി ഏറ്റു പറയാൻ അവൾക്കു അവസരം ലഭിച്ചു (8:22; 1 യോഹന്നാൻ 1:9), എന്നാൽ തെറ്റു സമ്മതിക്കാൻ അവളുടെ അഹങ്കാരം സമ്മതിച്ചില്ല. വഴങ്ങാതെ അവൾ മറുപടി പറഞ്ഞു, "അതേ, അത്രക്കു തന്നേ എന്നവൾ പറഞ്ഞു" (വാക്യം 8).

പത്രൊസ് ഇതുകേട്ടു തലകുടഞ്ഞു ദുഃഖത്തോടെ ചോദിച്ചു, "കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ[67] നിങ്ങൾ തമ്മിൽ ഒത്തതു എന്ത്?"[68] (വാക്യം 9). അനന്യാസിനും സഫീരക്കും പരിശുദ്ധാത്മാവിനെ "പരീക്ഷിക്കുവാൻ" യാതൊരു താല്പര്യവുമില്ലായിരുന്നു. അവരുടെ ഉദ്ദേശം അംഗീകാരവും, മുഖസ്തുതിയും, പുറ

ത്തു തട്ടലുമായിരുന്നു. പത്രൊസ് സഫര്യയെക്കുറിച്ചറിയാൻ ആഗ്ര ഹിച്ചിരുന്നു, എങ്ങനെയായാലും, അവരുടെ പ്രവൃത്തിയുടെ *ഫലം* "പരിശുദ്ധാത്മാവിനെ പരീക്ഷിക്കുക" എന്നായിരുന്നു എന്ന് പത്രൊസ് അവളെ അറിയിപ്പാൻ ആഗ്രഹിച്ചു!

ദൈവത്തെ പരീക്ഷിക്കുക എന്നതിന്റെ അർത്ഥം അറിയുവാൻ, മരുഭൂമിയിലായിരുന്ന യിസ്രായേലിന്റെ സ്വഭാവം നോക്കിയാൽ മതി. അവർ ദൈവത്തിന്റെ ക്ഷമയെ വീണ്ടും പരീക്ഷിച്ചതു അവരുടെ ദുശ്ശാഠ്യവും, മത്സരവും, അനുസരണക്കേടും കൊണ്ടായിരുന്നു (പുറപ്പാട് 17:2; ആവർത്തനപുസ്തകം 6:16). നാം കുടുംബത്തിലേക്കു നോക്കിയാൽ, നിർബന്ധം പിടിക്കുന്ന കുട്ടി മാതാപിതാക്കളുടെ ക്ഷമയെ പരീക്ഷിക്കുന്നതു കാണാം!

ദൈവത്തെ പരീക്ഷിക്കുക എന്നു പറഞ്ഞാൽ – ദൈവത്തെ പരിശോധിക്കുക എന്നതാണ്. ദൈവം പറഞ്ഞതു ചെയ്യുമോ എന്ന റിയുവാൻ എത്രത്തോളം പോകാമോ, അത്രത്തോളം പോകും. സാത്താനാൽ യേശു പരീക്ഷിക്കപ്പെട്ടപ്പോൾ, ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു ചാടിയാൽ, ദൈവദൂതന്മാർ നിന്നെ താങ്ങിക്കൊള്ളും എന്നു പറഞ്ഞു: അപ്പോൾ യേശു ഉദ്ധരിച്ചത് ആവർത്തന പുസ്തകം 6:16 ആണ്: "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും എഴുതിയിരിക്കുന്നു" (മത്തായി 4:7; എംഫ സിസ് മൈൻ). ദൈവത്തിന്റെ വാഗ്ദാനങ്ങളെ പരീക്ഷിക്കുന്നതു വിശ്വാസ കുറവാണെന്നു യേശുവിനറിയാമായിരുന്നു.[68]

അനന്യാസിന്റേയും സഫീരയുടേയും പാപം എത്ര ഗൗരവമായിരുന്നു എന്ന പത്രൊസിന്റെ വാക്കുകൾ – അതു തുറന്നു കാണിക്കേണ്ടതും ശിക്ഷിക്കേണ്ടതുമായിരുന്നു എന്നതിന്റെ പ്രാധാന്യം. ഒരു വ്യാഖ്യാതാവ് പറയുന്നു:

> ഈ പാപത്തിന്റെ അനന്തരഫലം ഉഗ്രമായില്ലായിരുന്നെങ്കിൽ, വിശ്വാസികൾക്കിടയിൽ ആ വഞ്ചന അറിയപ്പെടുമ്പോൾ ഗൗരവമായി തീരും.[69] സത്യസന്ധതയില്ലായ്മ പ്രയോജനകരമായി പ്രത്യക്ഷപ്പെടുമെന്നു മാത്രമല്ല, ആത്മാവിനെ തുടർന്നും വഞ്ചിച്ചു കൊണ്ടിരിക്കും. അത്തരം കാപട്യത്തെയും വഞ്ചനയെ യും ദൈവത്തിനു സഹിക്കാൻ സാദ്ധ്യമല്ല എന്നു ബോധ്യ പ്പെടുത്തുവാൻ ഇത്തരം അനന്തര നടപടി തെളിയിക്കും.[70]

അനന്യാസിന്റേയും സഫീരയുടേയും വ്യാജം തീർച്ചയായും ശൈശവസഭയുടെ മറഞ്ഞു കിടന്ന പാറയായിരുന്നു. അതു സഭയ്ക്കു പ്രയാസം വരുത്തുമായിരുന്നു. അവരുടെ വഞ്ചന വിജയിച്ചിരുന്നെങ്കിൽ, ആത്മാവിന്റെ വിശ്വാസ്യതയും അധികാരവും അപ്പൊസ്തലന്മാരിൽ ചോദ്യം ചെയ്യപ്പെടും. അപ്പോൾ ഫലപ്രദമായ സഭാനേതൃത്വം ഇല്ലാതാകും!

അവരുടെ അഭിനയം വിജയി*ച്ചില്ല* എന്നു, ദൈവം തീർച്ചയാ ക്കി, സഫീര അവളുടെ പാപം ഏറ്റു പറയുവാനുള്ള അവസരം തള്ളി

ക്കളഞ്ഞു. വേദനയോടെ, പത്രൊസ് പറഞ്ഞു: "ഇതാ, നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതില്ക്കൽ ഉണ്ട്,[71] അവർ നിന്നേയും പുറത്തു കൊണ്ടു പോകും എന്നു പറഞ്ഞു" (വാക്യം 9). ഞെട്ടലിന്മേൽ ഞെട്ടൽ! അവളുടെ ഭർത്താവു മരിക്കുക മാത്രമല്ല, അടക്കവും കഴിഞ്ഞിരുന്നു; അവൾക്കും ഉടനെ അതേ ഭയങ്കര ശിക്ഷ വരുന്നു![72]

ഈ സമയത്തു എന്തു സംഭവിക്കുമെന്നു പത്രൊസിന്നു അറിയാ*മായിരുന്നു* (സംഭവിച്ചതിനെക്കുറിച്ചു, ധ്യാനിക്കുവാൻ മൂന്നു മണിക്കൂറുണ്ടായിരുന്നു[73]), എന്നാൽ ഞാൻ വീണ്ടും ഊന്നി പറയട്ടെ, സഫീരയുടെ മരണം വരുത്തിയതു പത്രൊസായിരുന്നില്ല, എന്നാൽ ദൈവമായിരുന്നു.

> ഉടനെ അവൾ അവന്റെ കാൽക്കൽ വീണു പ്രാണനെ വിട്ടു, ബാല്യക്കാർ അകത്തു വന്നു;[74] അവൾ മരിച്ചു എന്നു കണ്ടു, പുറത്തു കൊണ്ടുപോയി ഭർത്താവിന്റെ അരികെ കുഴിച്ചിട്ടു. സർവ്വ സഭക്കും, ഇതു കേട്ടവർക്കും മഹാഭയമുണ്ടായി (വാക്യം 10, 11).

"ഇതു കേട്ടവർക്കെല്ലാം ... മഹാഭയമുണ്ടായി" എന്നു ലൂക്കൊസ് വീണ്ടും ഊന്നി പറയുന്നു. വേയ് മൗത്ത് വെർഷൻ പറയുന്നതു അവർ "ഭയങ്കരസംഭ്രമത്തിലായി" എന്നാണ്.[75] "അവർ ഭയവിഹ്വലരായി" എന്നാണ് ബെക്സ് പറയുന്നത്.[76] ലൂക്കൊസ്, ഫലത്തിൽ, തന്റെ വായനക്കാർ ഇതു വിട്ടു പോകാതിരിക്കാൻ *രണ്ടു പ്രാവശ്യം* പറയുന്നുണ്ട് (വാക്യം 5, 11)! ദൈവം പാപത്തെ ഗൗരവമായി കാണുന്നു – മനുഷ്യൻ ഇതു മനസിലാക്കണം! "മായയിൽ അകപ്പെടരുത്," പൗലോസ് പറഞ്ഞു. "നിങ്ങൾക്കു ദൈവത്തെ പരിഹസിച്ചു*കൂടാ*" (ഗലാത്യർ 6:7; ഫിലിപ്പ്സ് ട്രാൻസിലേഷൻ; എംഫസിസ്മൈൻ). അങ്ങനെ ശ്രമിച്ചാൽ വിപരീത ഫലമായിരിക്കും!

എല്ലാവർക്കും മഹാഭയമുണ്ടായി എന്നു ലൂക്കൊസ് എഴുതിയപ്പോൾ, പുസ്തകത്തിൽ മുൻപു "സഭ" എന്ന വാക്കു ഉപയോഗിച്ചതു നാം കാണാതെപോയി:[77] "സഭ"[78] എന്ന വാക്ക്. "സഭ" *എക്ലേസ്യ* എന്ന സംയുക്ത ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തതാണ്, അർത്ഥം "വിളിച്ച് വേർതിരിക്കപ്പെട്ടവർ"[79] സഭായോഗത്തിനു ഗ്രീക്കുകാർ ഉപയോഗിച്ചിരുന്ന വാക്കായിരുന്നു *എക്ലേസ്യ* (ഏതു ഒരുമിച്ചു കൂടുന്നതും നോക്കുക; 19:32, 39, 41). ക്രിസ്ത്യാനിത്വത്തിൽ, എങ്ങനെയായാലും, *എക്ലേസ്യക്കു* പ്രത്യേക അർത്ഥമുണ്ട്: ലോകത്തിൽ നിന്നു വിളിച്ച് വേർതിരിച്ചു യേശുക്രിസ്തുവിനോടുകൂടെ ഒരു പുതിയ ബന്ധമുള്ള – ദൈവത്തിന്റെ പ്രത്യേക ജനം എന്നർത്ഥം.[80] പ്രവൃത്തികളുടെ പുസ്തകത്തിൽ ചിലപ്പോൾ ദൈവ ത്തിന്റെ വിളിച്ചു വേർതിരിക്കപ്പെട്ട ആളുകളേയും ഉദ്ദേശിച്ചു പറഞ്ഞിരി ക്കുന്നു (20:28). ചിലപ്പോൾ ഒരു പ്രത്യേക സ്ഥലത്തു വിളിച്ചു വേർതിരിക്കപ്പെട്ടവരെ ഉദ്ദേശിച്ചു പറയുന്നു (അതായത്, സുവിശേഷം 8:1; 11:22; 13:1).[81]

"സഭ" എന്ന വാക്കു ലൂക്കൊസ് കൂട്ടിച്ചേർത്തതിന്റെ കാരണം ഈ ഒരുപാഠം സഭയ്ക്കു പുറത്തുള്ളവർക്കു മാത്രമല്ല; സഭയ്ക്ക

കത്തുള്ളവർക്കും നമുക്കും കൂടെ നല്കേണ്ടതിനാണ്! സഭയിലുള്ള നമുക്കു ആർക്കെങ്കിലും അനന്യാസിന്റേയും സഫീരയുടേയും അടയാളപ്പെടുത്താത്ത കല്ലറ നടുക്കത്തോടെയല്ലാതെ നോക്കാൻ കഴിയുമോ? "വലിയ" പാപം എന്നറിയപ്പെടുന്നതു ചെയ്തിട്ടല്ല, ദൈവം ഈ ദമ്പതികളെ മരണത്തിനിരയാക്കിയത്. നമുക്കറിയാവുന്നേടത്തോളം, അവർ കൊലപാതകമോ, കളവോ, പരസംഗമോ, മദ്യപാനമോ, മയക്കുമരുന്നിനടിമയാകയോ ഉണ്ടായിരുന്നില്ല. സഭയിൽ അവർ മറ്റുള്ളവരേക്കാൾ മെച്ചമാണെന്നു കരുതേണ്ടതിന്നു ഒരു കള്ളം[82] പറഞ്ഞു. നാം എപ്പോഴെങ്കിലും അങ്ങനെ ചെയ്യുമോ? നമ്മിൽ ആരെങ്കിലും, "ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും" എന്നു പറഞ്ഞിട്ടുണ്ടോ – ആ മനുഷ്യനുവേണ്ടി പ്രാർത്ഥിക്കാൻ തയ്യാറെടുക്കുന്നതിനെയല്ല അ ങ്ങനെ പറഞ്ഞാൽ നാം അവരുടെ മുൻപിൽ കൂടുതലായി ആത്മിയതയുള്ളവനാണെന്നു വരുത്തി തീർക്കുന്നില്ലേ? ആസ്പത്രിയിൽ നിന്നു വീട്ടിലേക്കു പോയ രോഗിയോട് നിങ്ങൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ, "വീട്ടിൽ എത്തിയോ? ഞാൻ ആസ്പത്രിയിൽ വന്നു കാണാനിരിക്കയായിരുന്നു!'' – വാസ്തത്തിൽ ആസ്പത്രിയിൽ പോകുവാൻ പ്ലാനില്ലായിരുന്നു, എങ്കിലും നമ്മൾ നമ്മെ ഉയർത്തികാണിക്കുകയാണ്?

അനന്യാസും സഫീരയും ചെയ്ത *പ്രത്യേക* പാപം അവർ *കൊടുത്തതിനെ*ക്കുറിച്ചു കള്ളം പറഞ്ഞു എന്നതാണ്. നാം പ്രാപ്തിപോലെ ഓരോരുത്തരും സന്തോഷത്തോടെ ഔദാര്യത്തോടെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ "ശേഖരിച്ചു" നല്കുന്ന പണമാണ് ദൈവത്തിന്റെ സ്ഥിരമായ സാമ്പത്തിക ഇടപാടുകൾ (1 കൊരിന്ത്യർ 16:2; 2 കൊരിന്ത്യർ 9:6–13). ധർമ്മശേഖരപാത്രം വരുമ്പോൾ, "നാം കൊടുക്കേണ്ടതു കൊടുക്കുകയാണ്; എന്നു കാണിക്കയാണോ"? നമുക്കുണ്ടായ അഭിരുചിയിൽ നിന്നാണ് നാം കൊടുക്കുന്നതിന്റെ പ്രാതിനിധ്യമാണ് അതിലടങ്ങിയിരിക്കുന്നത്. അങ്ങനെ അല്ലെങ്കിലോ? നമ്മുടെ തടങ്കലിൽ നാം എപ്പോഴെങ്കിലും വ്യാജം കാണിച്ചകുറ്റം നമ്മിൽ ഉണ്ടായിട്ടുണ്ടോ?[83]

അതു ഒരു ഗൗരവമുള്ള ചോദ്യം ഉയർത്തുന്നു: പ്രവൃത്തി 5 – ലേതുപോലെ ഇപ്പോഴും ദൈവം സഭയിൽ പാപത്തെ അതേ രീതിയിൽ കൈകാര്യം ചെയ്താലോ? സഭാകെട്ടിടത്തിന്റെ അടിസ്ഥാനത്തിൽ, ശവപ്പുരതന്നെ വേണ്ടിവരും നമുക്കു ഒരു ശവസംസ്ക്കാരവും വേണ്ടിവരും, ശവസംസ്ക്കാര ശുശ്രൂഷക്കു കൂടുതൽ ഡീക്കൺമാരെയും നിയോഗിക്കേണ്ടി വരും![84]

ഇതു ദൈവം പാപത്തെ അന്നു അനന്യാസിന്റേയും സഫീരയുടേയും കാര്യത്തിലെന്നപോലെ കൈകാര്യം ചെയ്യുന്നില്ലായിരുന്നിരിക്കാം[85] – ഇതിൽനിന്നും ദൈവം ഇന്നു പാപത്തെ ഗൗരവം കുറച്ചു കാണുമെന്നും കരുതരുത്!

> "പ്രതികാരം എനിക്കുള്ളതു, ഞാൻ പകരം വീട്ടും" എന്നും, "കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും" എന്നും, അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം (എബ്രായർ 10:30, 31).

അതുകൊണ്ട്, ... ആകയാൽ ... നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദമാകുമാറു ഭയത്തോടും ഭക്തിയോടും കൂടെ സേവ ചെയ്ക; നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലൊ (എബ്രായർ 12:28, 29)!

**മുന്നിൽ മഴുവേഗത! (5:12-14)**

അനന്യാസിന്റേയും സഫീരയുടേയും സംഭവം അവസാനിപ്പിക്കുന്നതിനു മുൻപു സഭയുടെ അച്ചടക്കത്തെക്കുറിച്ചു ഒരു വാക്കു പറയേണ്ടതുണ്ട്. അടുത്ത സമയത്തു നടന്ന നിയമവാദങ്ങൾ[86] നന്നായി പരസ്യപ്പെടുത്തുകയുണ്ടായതു നിമിത്തം സഭാദ്യ ക്ഷന്മാർ യേശു കല്പിച്ച അച്ചടക്കം നടത്താൻ മടിച്ചിട്ടുണ്ട്. അനന്യാസിന്റേയും സഫീരയുടേയും സംഭവം സഭയുടെ *ആവശ്യത്തിനായി* അച്ചടക്കത്തിനു അടിവരയിടുന്നു.

പ്രവൃത്തി 5 സഭയുടെ അച്ചടക്കത്തിനു എടുക്കാവുന്ന ഒന്നല്ല എന്നു ഞാൻ മനസിലാക്കുന്നു. പ്രവൃത്തി 5-ൽ ദൈവമാണ് പ്രവൃത്തിച്ചതു; സഭയുടെ അച്ചടക്കത്തിൽ ഇടവകയാണ് പ്രവൃത്തിക്കേണ്ടത് (മത്തായി 18:15–17; 1 കൊരിന്ത്യർ 5:4, 5). പ്രവൃത്തി 5-ൽ അനന്യാസിനേയും സഫീരയേയും ഈ ജീവിതത്തിൽ നിന്നു തന്നെ മാറ്റി; സഭയുടെ അച്ചടക്കത്തിൽ, അച്ചടക്കം വരുത്തിയവരെ കൂട്ടായ്മയിൽ നിന്നാണ് നീക്കം ചെയ്യുന്നത്.[87] എങ്ങനെയായാലും, പ്രവൃത്തി 5 ലേതും സഭയുടെ അച്ചടക്കവുമായി സമാനതയുള്ള പലതും നമുക്കെടുക്കാവുന്നതാണ്: സഭയിൽ പാപം ക്രിസ്തുവിന്റെ നാമത്തെ വ്രണപ്പെടുത്തും. പാപം (സാധാരണ ഉടനെ കൈകാര്യം ചെയ്തില്ലെങ്കിൽ) അതു വ്യാപിക്കും. അച്ചടക്കത്തിന്റെ പ്രാധാന്യം – പാപം ചെയ്ത ആൾക്കു വേണ്ടി മാത്രമല്ല അതു സഭയ്ക്കു മൊത്തം പ്രാധാന്യമുള്ളതാണ്.

അവസാനത്തെ ചിന്ത ഞാനൊന്നു ഊന്നി പറയട്ടെ: തെറ്റി പ്പോയവരെ യഥാസ്ഥാനപ്പെടുത്തുക എന്നതാണ് അച്ചടക്കത്തിന്റെ പ്രാഥമിക ഉദ്ദേശം (1 കൊരിന്ത്യർ 5:5), പക്ഷെ അങ്ങനെ സംഭവിച്ചില്ലെങ്കിലോ? അനന്യാസിന്റേയും സഫീരയുടേയും കാര്യത്തിൽ അതുണ്ടായില്ല. സഭയുടെ അച്ചടക്കത്തിൽ അപ്പോഴും വിലയുണ്ടോ? ഉണ്ട്, പാപത്തിന്റെ വേര് സഭയിൽ നിന്നും മാറ്റിയതു ലോകത്തുള്ളവർ അറിയും നാം എവിടെ നില്ക്കുന്നവർ എന്നും (1 കൊരിന്ത്യർ 5:1, 6, 7)!

ഗൗരവമായ അച്ചടക്കത്തെ തുടർന്നു വേഗത്തിൽ സഭയുടെ വളർച്ച ത്വരിതഗതിയിൽ ആയതു യാദൃശ്ചികമായിരുന്നില്ല! ആഖാന്റെ സംഭവത്തിനുശേഷം യിസ്രായേലിനു വലിയ വിജയമായിരുന്നു, അതുപോലെ അനന്യാസിനെയും സഫീരയേയും അച്ചടക്കം വരുത്തിയ ശേഷം സുവിശേഷവ്യാപ്തിയുടെ വിജയമായിരുന്നു സംഭവിച്ചത്!

അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു;[88] അവർ എല്ലാവരും ഏക മനസോടെ ശലോമോന്റെ മണ്ഡപത്തിൽ കൂടി വരിക പതിവായിരുന്നു.[89] മറ്റുള്ളവരിൽ ആരും അവരോടു ചേരുവാൻ തുനിയില്ല;[90] ജനമോ അവരെ പുകഴ്ത്തിപ്പോന്നു. മേല്ക്കുമേൽ അനവധി പുരുഷന്മാരും

സ്ത്രീകളും,[91] കർത്താവിൽ വിശ്വസിച്ചു, ചേർന്നു വന്നു (വാക്യം 12–14).

അച്ചടക്കത്തിന്റെ ഫലം നോക്കുക: (1) അപ്പൊസ്തലന്മാരുടെ വിശ്വാസ്യതക്കു കോട്ടം തട്ടാതിരുന്നു. അവർ വീണ്ടും "അടയാളങ്ങളും അത്ഭുതങ്ങളും" ചെയ്തുകൊണ്ടിരുന്നു. (2) സഭയിൽ ഐക്യം വീണ്ടും തുടർന്നു വന്നു. അവരെല്ലാം "ഏകമനസോടെ യോജിച്ചിരുന്നു." (3) "സഭയോടു ചേർന്നവർ"[92] വെറുതെ പുറത്തു പോയിരുന്നില്ല[93] എന്നു വ്യക്തം കാരണം അവർ ഭയപ്പെട്ടിരുന്നു.[94] അവർ പുറത്തു പോയവരുമായി "കൂട്ടായ്മ" ആചരിച്ചിരുന്നില്ല. (4) ക്രിസ്ത്യാനികളായി തീരാതിരുന്നവരും സഭയെ ഭയന്നിരുന്നു. "ആളുകൾ അവരെ ഉയർന്നവരായി കണ്ടിരുന്നു." (5) അനന്യാസിനും സഫീരക്കും സംഭവിച്ചതു സത്യവിശ്വാസികളെ പിൻതിരിപ്പി*ക്കില്ല*. "*കൂടുതൽ പേർ* കർത്താവിൽ വിശ്വസിച്ചു, പുരുഷന്മാരും സ്ത്രീകളും അടങ്ങുന്ന വലിയ പുരുഷാരം, എണ്ണത്തോടു ചേർക്കപ്പെട്ടു." (എംഫസിസ്മെൻ.)

പിശാചിന്റെ തന്ത്രങ്ങൾ പരാജയപ്പെട്ടത് സഭയ്ക്ക് നേട്ടമായതു പോലെ അവന്റെ വിജയതന്ത്രം ദുരന്തമായി മാറും! സാത്താൻ വിഭജനവും, നിന്ദയും, ന്യൂനതയും സഭയിൽ വരുത്തുവാൻ ആഗ്രഹിച്ചു, എന്നാൽ സഭ യോജിച്ച്, അനുമോദിച്ച്, വളർന്നുകൊണ്ടിരുന്നു! എങ്ങനെയായാലും, പിശാച് നിർത്തിയില്ല, എന്ന് നാം അടുത്ത പാഠത്തിൽ കാണും.

## ഉപസംഹാരം

4:32–5:14 വരെയുള്ള ഭാഗത്തുനിന്നു ധാരാളം പാഠങ്ങൾ ലഭിക്കുന്നുണ്ട്: നാം നിസ്വാർത്ഥരാകണമെന്നു ദൈവം ആഗ്രഹിക്കുന്നു. നാം യോജിക്കണമെന്നാണ് അവന്റെ ആഗ്രഹം. നമ്മുടെ ജീവിതത്തോടൊപ്പം സുവിശേഷത്തെ നാം സഹായിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. സഭയിലെ അദ്ധ്യക്ഷന്മാരെ *നാം* ബഹുമാനിക്കണ*മെന്നു* ദൈവം ആഗ്രഹിക്കുന്നു. നമുക്കു ദൈവത്തെ വഞ്ചിക്കാൻ സാദ്ധ്യമല്ല എന്നു നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു, കാരണം ദൈവം എല്ലാം കാണുന്നു എല്ലാവരേയും കാണുന്നു. നാം ക്രിസ്ത്യാനികളാണെങ്കിലും, പാപത്തിനു നമ്മെ വീഴ്ത്താൻ *കഴിയുമെന്ന* കാര്യം നാം അറിയണം;[95] നാം എല്ലായ്പ്പോഴും നമ്മെ സൂക്ഷിക്കണം (1 കൊരിന്ത്യർ 10:12).

*എന്തുകൊണ്ടാണ്* ചില കാര്യങ്ങൾ സുപ്രധാനമായി ചെയ്യു ന്നു എന്ന പാഠം, നമ്മെ ഞെട്ടിക്കുന്നതാണ്. അനന്യാസും സഫീരയും ചെയ്യുമ്പോൾ പദ്ധതി തയ്യാറാക്കി*യതു* അടിസ്ഥാനപരമായി നല്ല കാര്യമായിരുന്നു: പ്രധാനപ്പെട്ട ഒരു ധർമ്മശേഖരം സഭയ്ക്കു നല്കുവനാണ് തീരുമാനിച്ചത്. *എന്തുകൊണ്ടാണ്* അവർ അതു ചെയ്യാൻ കാരണം, എങ്ങനെയായാലും, അവരുടെ നല്കലിൽ പുകഴ്ച ഗണിച്ചിരുന്നു: അവർ മനുഷ്യരിൽനിന്നു പുകഴ്ച്ച പ്രതീക്ഷിച്ചാണ് ചെയ്തത് – അതുകൊണ്ടു യഥാർത്ഥത്തിൽ ഉണ്ടായിരുന്നതു മുഴുവൻ ഉണ്ടെന്നു വ്യാജം കാണിച്ചു.

കർത്താവിനെ സേവിക്കുന്നതിൽ എന്റെ *ഉദ്ദേശം* എന്താണ്? നിങ്ങളുടേത് എന്താണ്? ഞാൻ സേവിക്കുന്നതു അവന്നു സമർപ്പിക്കപ്പെട്ടതു കൊണ്ടാണോ, കാരണം ഇതു ശരിയാണോ? അല്ലെങ്കിൽ അതിൽ നിന്നും എനിക്കു എന്തുകിട്ടും എന്ന വിചാരം കൊണ്ടാണോ ചെയ്യുന്നത്, "മനുഷ്യരെ കാണിക്കേണ്ടതിനാണോ"?

വലിയ വൈദ്യന്റെ ഹൃദയശസ്ത്രക്രിയ വേണ്ടിവരും. സത്യസന്ധമായ പരിശോധന നടത്തിയാൽ, അതു ചെയ്യേണ്ടതു *ഇപ്പോഴാണ്*. ദൈവം അനന്യാസിനേയും സഫീരയേയും വീഴ്ത്തിയതു പോലെ നമ്മെ വീഴ്ത്തുകയില്ലായിരിക്കാം, പക്ഷെ മരണം രണ്ടു കാപട്യക്കാർക്കു വന്നതുപോലെ പെട്ടെന്നു നമുക്കും വന്നേക്കാം – എന്നാൽ മരണം വരുമ്പോൾ, സൃഷ്ടികർത്താവിനെ അഭിമുഖീകരിക്കാൻ താമസിച്ചു പോകും. ഇതു ഹൃദയത്തിൽ പതിപ്പിക്കുക: "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം" (എബ്രായർ 10:31). ഒരാൾ തയ്യാറായില്ലെങ്കിൽ!

---

**പ്രസംഗ ക്കുറിപ്പുകൾ**

---

"കൊടുക്കൽ വാങ്ങൽ" 4:32–37 – എന്ന വിഷയത്തെക്കുറിച്ച് റിക്ക് അറ്റ്ച്ച്ലെ ഒരു പ്രസംഗം അവതരിപ്പിച്ചു. ആ പ്രസംഗത്തിൽ പകുതി ഭാഗവും ക്രിസ്ത്യാനികൾ കരുണയോടെ നല്കുന്നവർമാത്രമല്ല, കരുണയോടെ *വാങ്ങുവാനും* ശീലിക്കണം എന്നതായിരുന്നു. ആ പാഠം വ്യക്തമാക്കുന്നതു, വാസ്തവത്തിൽ, യെരുശലേമിലെ അംഗങ്ങൾ അന്യോന്യം *തുറന്ന* മനസുള്ളവരായി, അവരുടെ ജീവിതാവശ്യങ്ങൾ പരസ്പരം അറിഞ്ഞിരുന്നു. നമ്മിൽ ആരും മറ്റുള്ളവരെ ചൂഷണം ചെയ്യുന്നവരോ സഭയ്ക്കു ഭാരമായി തീരുന്നവരോ അല്ല; ദുരഭിമാനത്താൽ നമ്മുടെ ആവശ്യങ്ങൾ അറിയിക്കാതെ ആരെങ്കിലും ഔദാര്യം തോന്നി സഹായിക്കുന്നുവെങ്കിൽ സഹായിക്കട്ടെ എന്നും കരുതരുത്.

പ്രവൃത്തികളുടെ പുസ്തകം താല്പര്യപൂർവ്വം പ്രസംഗിക്കുന്ന രീതി മുഖ്യ കഥാപാത്രങ്ങളെ കുറിച്ച് പ്രസംഗപരമ്പര തയ്യാറാക്കി പ്രസംഗിക്കുകയാണ്. ബർന്നബാസ് വശ്യകഥാപാത്രമാണ്. ഒരൊഴിവു കഴിവുമുണ്ട് (ഗലാത്യർ 2:13), അവൻ എപ്പോഴും ആരെയെങ്കിലും പ്രോത്സാഹിപ്പിക്കുന്ന മാതൃകാ പുരുഷനായിരുന്നു (അവനായിരുന്നോ പൗലോസ് ആയിരുന്നോ ശരി എന്നു നിങ്ങൾ ചിന്തിക്കുമ്പോൾ 15:36–39, ബർന്നബാസ് അവന്റെ പേർ നിലനിർത്തി, "പ്രബോധനപുത്രൻ"). ഇതാ ചില വേദഭാഗങ്ങൾ നിങ്ങൾക്കു ഉപയോഗിക്കുവാൻ: പ്രവൃത്തി 9:26–28; 11:22, 24–26, 30; 12:25; 14:4, 14; 15:2, 5, 12, 36–41; 1 കൊരിന്ത്യർ 9:6; ഗലാത്യർ 2:1, 9, 13; കൊലൊസ്യർ 4:10.

"പാപത്തെ ഗൗരവമായി ശീലിക്കൽ!" എന്ന ശക്തമായ വിഷയം അനന്യാസിന്റേയും സഫീരയുടേയും സംഭവത്തിൽ നിന്നും രൂപപ്പെടുത്താം (വേദഭാഗത്തിലെ മറ്റു ഭാഗങ്ങൾ ചുരുക്കി ആമുഖമായും ഉപസംഹാരമായും ഉപയോഗിക്കാം). ഒരു വിധത്തിൽ സമീപിക്കാവുന്നത് ആഖാന്റെയും (യോശുവ 7) അനന്യാസിന്റേയും സഫീരയുടേയും

(പ്രവൃത്തി 5) സംഭവം സമാന്തരമായിട്ട്. നിങ്ങൾ ഇങ്ങനെ ചെയ്താൽ, നിങ്ങൾക്കു എടുക്കാവുന്ന വേദഭാഗം യാക്കൊബ് 1:14, 15 ആണ്, അത് ആഖാനു സംഭവിച്ചതിനു സമാന്തമാണ്. നിങ്ങൾക്കു നാടകാഭിരുചി യുണ്ടെങ്കിൽ, പ്രസംഗവിഷയം "മരണം സഭയിലേക്കു വരുന്നു!" എന്നാ ക്കാം. ആരാധനാ മദ്ധ്യേ; ആളുകൾ ഹൃദയാഘാതത്താൽ കുഴഞ്ഞു വീണ് മരിക്കുന്നത് ഞാൻ കണ്ടിട്ടില്ല; എന്നാൽ (എനിക്കറിയാവുന്നിടത്തോളം) ദൈവത്താൽ ആരെയെങ്കിലും അടിച്ചു വീഴ്ത്തുന്നത് ഞാൻ കണ്ടിട്ടില്ല – അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്നാണെന്റെ പ്രത്യാശ!

---

കുറിപ്പുകൾ

[1]"സ്നേഹിക്കുന്നു" *അഗപ്പായിസ്* എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ്, അതിന്റെ ബഹുവചനരൂപമാണ് പുതിയ നിയമത്തിലെ "സ്നേഹം" (നാമം) എന്നുള്ള, പ്രത്യേക വാക്കായ *അഗാപ്പെ. അഗപ്പാസ്* എന്നതിന്റെ അക്ഷരിക അർത്ഥം "സ്നേഹിക്കുന്നു" (നാമം) എന്നാണെങ്കിലും, ആ വാക്ക് ആദിമ ക്രിസ്ത്യാനികൾ കൂട്ടായി ആസ്വദിച്ചു വരുന്നതിനെ സൂചിപ്പിക്കുന്നു (ഇന്നും ധാരാളം പേർ അതിനെ ''കൂട്ടായമ വിരുന്ന്'' കൂട്ടായ്മകൾ എന്നെല്ലാം പറയുന്നുണ്ട്). [2]പ്രവൃത്തി 2:46. 1 കൊരിന്ത്യർ 11–ൽ വിവരിച്ചിരിക്കുന്ന ആധാരം ഉള്ളത് മിക്ക എഴുത്തുകാരും കരുതുന്നതു, കൊരിന്ത്യർ കർത്തൃമേശയും സ്നേഹ വിരുന്നും യോജിപ്പിച്ചു, അതിനെ ചിലർ ലഹരിക്കായും മാറ്റി എന്നാണ്. [3]ഞാൻ കുട്ടിയായിരുന്നപ്പോൾ പയർ ''പാചകം ചെയ്യുന്നതിനു മുമ്പു'' അതൊരുക്കുവാനുള്ള ജോലി എന്നെ ഏല്പിക്കാറുണ്ടായിരുന്നു. ചിലപ്പോൾ ഞാൻ ശ്രദ്ധിക്കാതെ ചെയ്യാറുണ്ട്! [4]നിങ്ങൾ കടൽ തീരത്താണ് താമസിക്കുന്നതെങ്കിൽ, സദസ്യർക്കു സുപരി ചിതമായ ചിത്രീകരണം നടത്താം. [5]നിങ്ങൾ വാക്കുകളെ നന്നായി കൈകാര്യം ചെയ്യുവാൻ താല്പര്യപ്പെടുന്നു വെങ്കിൽ, ഇംഗ്ലീഷിൽ "ഷിപ്പ്" എന്ന വാക്ക് ക്രിസ്ത്യാനിത്വവുമായി ബന്ധപ്പെട്ട് ധാരാളം ഉപയോഗിച്ചിരിക്കുന്നതുകാണാം: പാർട്ടണർ*ഷിപ്പ്*, വർ*ഷിപ്പ്*, ലീഡർ*ഷിപ്പ്*, സ്റ്റിവേർഡ്*ഷിപ്പ്*, മുതലായവ. [6]നിർഭാഗ്യവശാൽ, ആദിമ ക്രിസ്ത്യാനികളിലുണ്ടായിരുന്ന ഐക്യതാസ്വഭാവം തുടർന്നു പോയില്ല (1 കൊരിന്ത്യർ 1:10–13). [7]പ്രവൃത്തി 2:46 പറയുന്നതു അവർ "ഏക മനസ്സുള്ളവർ" ആയിരുന്നു എന്നാണ്. ഇതു സൂചിപ്പിക്കുന്നത് അവരുടെ ഐക്യത പുറമേയുള്ളതായിരുന്നില്ല, പിന്നെയോ അകമേ ഉള്ളതായിരുന്നു. ലൂക്കൊസിന്റെ പ്രസ്താവന ഒരുപക്ഷേ നാംപൊതുവായ ഒരു ഇടവകയെ കുറിച്ചുള്ളതാണെന്ന് ശ്രദ്ധിച്ചേക്കാം. നമുക്കറിയാം *രണ്ടു* പേരുടെ മനസ്സു മറ്റു ക്രിസ്ത്യാനികളുടേതു പോലെയായിരുന്നില്ല (5–ാം അദ്ധ്യായത്തിലെ, അനന്യാസും സാഫീരയും). [8]*പ്ലേത്തോസ്* എന്ന വാക്കു തർജ്ജിമ ചെയ്തതാണ് "ഇടവക" എന്ന വാക്ക്. അനവധി തർജ്ജിമയിൽ "പുരുഷാരം" എന്നാണ് (KJV, NKJV, ASV). RSV യിൽ "കമ്പനി" എന്നാണുള്ളത്. "ഒരു പ്രത്യേക അർത്ഥം ... മത പരമായി (യെഹൂദന്മാർക്കും ക്രിസ്ത്യാനികൾക്കും) വരുന്നതു കൊണ്ടാകാം" NASB *പ്ലേതോസ്* എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് (എഫ്. എഫ്. ബ്രൂസ്, *ദി ബുക്ക്*

*ഓഫ് ദി ആക്ട്സ്,* ദി ന്യൂ ഇന്റർ നാഷണൽ കമന്ററി ഓൺ ദി ന്യൂടെസ്റ്റ്മെന്റ്, rev. ed. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. എർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1988], 100). [9]"അവർ" എന്നതു അപ്പോസ്തലൻമാർ ആയിരുന്നു. [10]യെരുശലേമിൽ ഇതെല്ലായ്പ്പോഴും വാസ്തവമായിരുന്നില്ല (റോമൻ 15:26), എന്നാൽ കുറച്ചുസമയത്തേക്കു അതു വാസ്തവമായിരുന്നു.

[11]എന്റെ രണ്ടു വയസു പ്രായമുള്ള പേരക്കുട്ടിയുമായി തർക്കിക്കുവാൻ, ഞാൻ അതു *എന്റേതാണെന്ന്* പറഞ്ഞാൽ മതി: "എന്റെ ഷ്യൂ" അല്ലെങ്കിൽ അവളെ ഭയപ്പെടുത്തുന്നത് എന്തെങ്കിലും കാണിക്കണം. അവളുടെപുറത്തുതട്ടിയിട്ടു, "എന്റെ ഷ്യൂ" എന്നു പറഞ്ഞാൽ മതി! [12]പ്രവൃത്തി 2:44, 45 ന്റെ കുറിപ്പുകൾ നോക്കുക. [13]പ്രവൃത്തി 12-ൽ മർക്കോസിന്റെ അമ്മ, മറിയക്ക്, യെരുശലേമിൽ വീടും ദാസൻമാരും ഉണ്ടായിരുന്നു (വാക്യം 12, 13). [14]ശരിയായ നടപടി ലൂക്കൊസിന്റെ ഉദ്ദേശ്യത്തിനു യാദൃശ്ചികമായതായിരുന്നു, അത് ആദിമ ക്രിസ്ത്യാനികളുടെ നിസ്വാർത്ഥമായ സ്വഭാവം തുറന്നുപറയുക എന്നതായിരുന്നു. [15]സമാഗമന കൂടാരം ഉണ്ടാക്കുവാൻ ഉപയോഗിച്ച അതേ സ്വമേധയാ നടപടിയായിരുന്നു (പുറപ്പാട് 36:5-7). [16]ഇതു പുതിയനിയമത്തിലെ പൊതുവായ "സഭാ ഖജനാവിന്റെ" ചുരുങ്ങിയ സൂചനകളിൽ ഒന്നാണ്. [17]ആവശ്യമുള്ള അനവധി അംഗങ്ങളുടെ കാര്യങ്ങൾ സഭ നിറവേറ്റുന്നത് ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ സാധാരണ ഇതു ചെയ്യുന്നത് ആഴ്ചവട്ടത്തിലെ ധർമ്മ ശേഖരത്തിലൂടെയാണ്, അതു പ്രവൃത്തി 2ലും 4ലും പറഞ്ഞിരിക്കുന്ന ത്യാഗോജ്ജ്വലമായ പ്രവൃത്തിയാണ്. [18]"കൃപ" എന്നതു *ചാരിസ്* എന്ന വാക്കിൽ നിന്നാണ് വന്നത്, അതു ദൈവത്തിന്റെ ഉപകാരത്തിനും മനുഷ്യന്റെ ഉപകാരത്തിനും പറയാം (അതു രണ്ടർത്ഥത്തിലും ലൂക്കൊസ് 2:52-ൽ ഉണ്ട്). തർജ്ജിമക്കാരിൽ ഭൂരിഭാഗവും ദൈവത്തിന്റെ ഉപകാരത്തെക്കുറിച്ചു പറയുന്നു എന്നാണ് വിചാരിച്ചത്. എന്റെ വിചാരത്തിൽ, എങ്കിലും, പ്രവൃത്തി 2ഉം 4ഉം തമ്മിൽ ധാരാളം സമാനതകൾ ഉണ്ട് മനുഷ്യരുടെ കൃപയെ ദൈവത്തിന്റെ കൃപയായി സൂചിപ്പിക്കുന്ന തെന്നാണ് എന്റെ മനസിലുള്ളത്. [19]KJV പറയുന്നത് "ജോസഫ്," എന്ന എബ്രായ വാക്കിന്റെ ഗ്രീക്കുരൂപമാണ് "ജോസെസ്" എന്നത്. KJV പഴയനിയമ പേരുകളുടെ ഗ്രീക്കുരൂപമാണുപയോഗിച്ചിരിക്കുന്നത്, അതു കൃത്യമാണ്. പക്ഷെ പരിഭ്രാന്തിയുണ്ടാക്കുന്നതാണ്. തെറ്റിദ്ധാരണ ഒഴിവാക്കുവാൻ മിക്ക തർജ്ജിമക്കാരും പഴയനിയമ സ്പെല്ലിംഗ് ആണ് ഉപയോഗിക്കുന്നത്. [20]ബർന്നബാസ് കിപ്രൊസ് ദ്വീപുകാരനായിരുന്നു, യഹൂദൻമാർ ചിതറിപ്പോയത് ഉപദ്രവത്താലും സാമ്പത്തിക കാരണത്താലുമാണ്.

[21]വിറ്റു കിട്ടിയ*തെല്ലാം* – അവൻ കൊണ്ടുവന്നു എന്ന നാട്യം സംഭവിച്ചതിനു വിപരീതമായിരുന്നു. [22]"അപ്പൊസ്തലൻമാരുടെ കാൽക്കൽ" (4:37; 5:2); സഫീര പത്രൊസിന്റെ കാൽക്കൽ വീണു (5:10). "കാൽക്കൽ" എന്നതു സ്ഥലത്തെ മാത്രമല്ല, കീഴ്പ്പെടലും സൂചിപ്പിക്കുന്നു (വിദ്യാർത്ഥികൾ അദ്ധ്യാപകന്റ "കാൽക്കൽ ഇരുന്നാണ്" പഠിച്ചിരുന്നത്). [23]"സൺ ഓഫ്" എന്നതു എബ്രായ പ്രയോഗമാണ് "സ്വഭാവത്തെ പങ്കിടൽ" എന്നാണ്. [24]NKJV, RSV, NASB. ബഹുഭാഷാപണ്ഡിതർക്കു പ്രശ്നം നേരിടാറുണ്ട്. "സൺ ഓഫ് എൻകറേജ്മെന്റ്" എന്നതു "ബർന്നബാസിന്റെ" ശരിയായ തർജ്ജിമയല്ല, എന്നാൽ ലൂക്കൊസ് പറഞ്ഞു അതാണ് പേരിന്റെ *അർത്ഥം.* [25]KJV. [26]ദി ന്യൂ ടെസ്റ്റ്മെന്റ് ഇൻ ബേസിക് ഇംഗ്ലീഷ്. [27]ASV, NEB. "എൻകറേജ്മെന്റ്" എന്നതു തർജ്ജിമ ചെയ്തിരുന്നതിന്റെ അർത്ഥം "കൺസൊലേഷൻ," "കംഫർട്ട്," "എക്സോർട്ടേഷൻ" എന്നുമാകാം. എല്ലാവാക്കുകളും ബന്ധപ്പെട്ടാ

ണിരിക്കുന്നത്. [28]സംഖ്യാപുസ്തകം 18:20, 21, 24; 35:1–8; യോശുവ 21:41 എന്നും ആകാം. [29]ലേവ്യർക്കു വസ്തു കൈവശം വെക്കാമോ എന്നകാര്യത്തിൽ വിഷമം നേരിടാറുണ്ട്, എന്നാൽ യിരെമ്യാവ് പൗരോഹിത്യ വംശത്തിലുള്ളതായിരുന്നു. അവനു സ്ഥലം ഉണ്ടായിരുന്നു (യിരെമ്യാവ് 1:1; 32:6–15). [30]എല്ലാ ശ്രേഷ്ടമായ വക്കും പ്രതിഷേധവുമുണ്ടാകാം.

[31]ഈ പദപ്രയോഗം വാരെൻ. ഡബ്ലിയൂ. വിയേഴ്സ്ബേ, *ദി ബൈബിൾ എക്സ്പോസിഷൻ കമന്ററി,* വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 423–ൽ നിന്നും എടുത്തതാണ്. [32]"എന്നാൽ" അനന്യാസും സഫീരയും ചെയ്തതിന്റെ ഫല മായി മറ്റു ഇടവകകളുടെ പ്രവൃത്തികൾ നോക്കാം. പ്രത്യേകമായി നോക്കേണ്ടതു ബർന്നമാസിന്റെ പ്രവൃത്തി. [33]അവർ വിറ്റതു നിലമായിരുന്നു എന്നു 3–ാം വാക്യം പറയുന്നു. [34]"ഹിപ്പൊക്രിറ്റ്" എന്നതു ലിപി മാറ്റിയ ഗ്രീക്ക് വാക്കാണ്. അതിന്റെ അക്ഷരീകമായ അർത്ഥം "ഉത്തരം നല്കുന്നവൻ അഥവാ പ്രതികരണത്തിൻ കീഴിലായവൻ എന്നാണ്." "കീഴിൽ" എന്നതു മാസ്ക് ഉപയോഗിച്ച് അഭിനേതാവി ന്റെ മുഖം മൂടുന്ന ആചാരത്തെ സൂചിപ്പിക്കുന്നു. [35]കൂട്ടുപദേഷ്ടാവായ, വിക്ടർ ലോയിഡ് കരുതുന്നത്, അവർ തങ്ങളുടെ അരികെ കൈമാറ്റത്തിൽ ലാഭമുണ്ടാ ക്കാൻ ശ്രമിച്ചു എന്നതാണ്: "തങ്ങൾക്കുള്ളതെല്ലാം വിറ്റു" എന്നു വരുത്തിതീർത്തു, സഭയുടെ സഹായം പ്രതീക്ഷിക്കയും ചെയ്തിരിക്കും. [36] *"ആർ പറഞ്ഞു?" പേജ് - എ - ഡേ കലണ്ടർ* (ന്യൂയോർക്ക്: വർക്ക്മാൻ പബ്ളിഷിഗ് കമ്പനി., 1994), ഡിസം ബർ 22. [37]വിയേർസബെ, 421. [38]ജിമ്മി അലൻ പറയുകയുണ്ടായി, തട്ടിപ്പു നടത്തു ന്നവർ മാത്രമാണ് വിജയിച്ചു കാണുന്നത്. അനന്യാസ് ഏകദേശം വസ്തുവിന്റെ മുഴുവൻ വിലയും കൊണ്ടു വന്നിരുന്നെങ്കിൽ, ശേഖരം വലുതാകുമായിരുന്നു (ജിമ്മി അലെൻ, *സർവേ ഓഫ് ആക്ട്സ്,* വാല്യം 1 [സെർസി, ആർക്ക്.: ബൈ ദി ഓദർ, 1986], 58). [39]സോളമന്റെ മണ്ഡപത്തിനടുത്തുള്ള മുഖ്യമായ മുറിയിൽ ആയി രുന്നേക്കാം (പ്രവൃത്തി 5:12). സ്ഥലം എവിടെയായിരുന്നാലും, അവിടെ ഒരുവാ തിൽ ഉണ്ടായിരുന്നു (വാക്യം 9). [40]അനന്യാസിന്റെ പാപത്തെ പരിശുദ്ധാത്മാവ് പത്രൊസിനു വെളിപ്പെടുത്തിക്കൊടുത്തതാണോ അതോ പത്രൊസിനു പ്രത്യേക പരിജ്ഞാനം അനന്യാസിന്റെ മനസ്സറിയുവാനുണ്ടോ എന്ന് നമുക്കറിയാനാകും.

[41]സാത്താൻ എന്നതിന്റെ അർത്ഥം "ശത്രു" എന്നാണ്. അതു പുതിയ നിയമ ത്തിൽ പിശാചിന്റെ പേരിനുപയോഗിച്ചിരിക്കുന്നു. [42]ചില സന്ദർഭങ്ങളിൽ, ചിലർ "പിശാച് എന്നെ തെറ്റ് ചെയ്യിച്ചു!" എന്ന് (പ കുതി ഹാസ്യത്തിൽ), പറയാറുണ്ട്. നമുക്ക് ആഗ്രഹമില്ലാത്ത കാര്യങ്ങൾ *ചെയ്യാൻ* പിശാച് നമ്മെ സ്വാധീനിക്കയില്ല! [43]ക്രിസ്ത്യാനികൾ ജാതകം നോക്കുക, "മന്ത്രവാദം ചെയ്യുക" എന്നിവകാണുമ്പോൾ നിങ്ങൾക്ക് എത്ര ദൂരം പോകാമോ അത്രയും പോകുക. സാത്താന്റെയും അവന്റെ ഉപകരണങ്ങളെയും വിട്ടുദൂരെ മാറണം! [44]എലിപ്സ് എന്നതു വാച്യാലങ്കാരമാണ്. അതിൽ വാക്കുകൾ അന്തർലീന മായിരിക്കും. [45]മൂന്നാം വാക്യം ശ്രദ്ധിക്കുക, അനന്യാസ് *പരിശുദ്ധാത്മാവിനോട്* വ്യാജം കാണിച്ചു എന്നാണ് പറയുന്നത്, 4–ാം വാക്യത്തിൽ, പത്രൊസ് പറഞ്ഞതു അവൻ *ദൈവത്തോടു* വ്യാജം കാണിച്ചു എന്നാണ്. പരിശുദ്ധാത്മാവ് അവർക്കിടയിൽ ഉണ്ടായിരുന്നതു ദൈവമായി ആദിമ ക്രിസ്ത്യാനികൾ മനസ്സിലാക്കി. [46]ഒരു പ്രവൃത്തി മറ്റൊരാൾക്കു ഹാനികരമല്ലെങ്കിൽ ചെയ്യുന്നതിൽ തെറ്റില്ല എന്നു കരുതുന്നവർ ഉണ്ട്, മനുഷ്യർക്കു ഹാനികരമല്ലെങ്കിലും ദൈവം ചെയ്യരുതെന്നു പറഞ്ഞതു ചെയ്താൽ, അതു ദൈവത്തെ വേദനിപ്പിക്കും എന്നോർക്കുക. [47]ഇതു പുരാതന കാലത്തേയും

അടുത്ത കാലത്തേയും ശക്തമായ വികാര പ്രകടന ശേഖരമാണ്. [48]ദൈവവും, പത്രൊസും, ആയിരുന്നു അനന്യാസിന്റേയും സഫീരയുടെയും മരണത്തിനുത്തരവാദികൾ എന്നു എല്ലാവരും മനസ്സിലാക്കി; അല്ലെങ്കിൽ പത്രൊസിനെ തിരെ കൊലക്കുറ്റം ചുമത്തിയേനേ (ജെ.ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പോസ്തൽസ്*, വാല്യം 1 [ഡെലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിഗ് കമ്പനി., n.d.], 86). [49]KJV "ഗിവ് അപ്പ് ദിഗോസ്റ്റ് ധഅതായത്., ആത്മാവ്]." [50]സാധാരണ, പുതിയ നിയമം "ഗിവിങ് അപ്പ് ദി ഗോസ്റ്റ്" എന്നു പറയുമ്പോൾ (KJV പദപ്രയോഗം), ഗ്രീക്കിൽ ഇതിന് *പല* വാക്കുകളാണ് "ആത്മാവിനെ ഏൽപ്പിക്കൽ."

[51]ഇതു അവരുടെ ബഹുമാന നില ഉയർത്തി അപ്പോസ്തലന്മാരുടെയും! (ഇതു ആയിരിക്കാം പ്രവൃത്തി 5:13 ലെ ഭാഗികമായ അർത്ഥം). [52]പത്രൊസിനെയും/ ദൈവത്തെയും അനന്യാസിന് മാനസാന്തരപ്പെടാൻ അവസരം കൊടുത്തില്ല എന്നു പറയുന്നതിലർത്ഥമില്ല. കാരണം ലൂക്കൊസ് ചുരുങ്ങിയ വിവരണങ്ങളേ നമുക്കുനൽകുന്നുള്ളു. അവർ മാനസാന്തരപ്പെടുമോ ഇല്ലയോ എന്ന്, ദൈവത്തിനറിയാമല്ലോ (എബ്രായർ 6:4-6). ''നമുക്കു എങ്ങനെ വിമർശിക്കാമെന്നറിയാമെ ന്നതിനേക്കാൾ നന്നായി ലോകത്തെ ഉണ്ടാക്കിയ ദൈവത്തിനു അതിനെ പ്രവർത്തി പ്പിക്കാനും അറിയാം" (ആന്റണി ലീ ആഷ്, *ദി ആക്ട്സ് ഓഫ് ദി അപ്പോസ്തൽസ്*, പാർട്ട് 1, ദി ലിവിങ് വേഡ് കമെന്ററി [ആസ്റ്റിൻ ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി, 1979], 84). [53]ദൈവത്തിനു തന്നെ ഇപ്രകാരം "പ്രകൃതി" മാദ്ധ്യമം വഴി ഉപയോഗിക്കാൻ കഴിയും. കാരണം ഹെരോദാവിനെ കുമിക്കിരയാക്കിയതാണ്, അതിനാൽ അനന്യാസി നേയും സഫീരയേയും "ഹൃദയാഘാതത്താൽ" ശിക്ഷിക്കാൻ കഴിയും. [54]തീർച്ചയായും, ഇസ്രായേലിൽ നിന്നു ദുഷ്കീർത്തിയകറ്റുവാൻ സമൂലമായ ശസ്ത്രക്രിയ ആവശ്യമായിരുന്നു. (സമൂലമായ ശസ്ത്രക്രിയയിൽ, രോഗമുള്ള ഭാഗം മാത്രമല്ല, ട്യൂമറിനു ചുറ്റുമുള്ള കോശങ്ങളും ക്യാൻസർ നീങ്ങി എന്നുറപ്പുവരുത്താൻ – ശസ്ത്രക്രിയ ചെയ്യും.) [55]ഈ യവനക്കാർ ആരായിരുന്നു എന്നു നമുക്കറിഞ്ഞുകൂട അവരുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നത്, എങ്ങനെയായാലും, സംഭവിച്ചതു രഹസ്യമായിട്ടല്ല എന്നാണ്. ഒരു വിധത്തിൽ, അപ്പൊസ്തലന്മാരോടുകൂടെ ആളുകളുണ്ടായിരുന്നതു കൊണ്ട്; "പരസ്യമായിട്ടാണ്" നടന്നതെന്നു വ്യക്തം. "ചെറുപ്പക്കാർ" എന്നു ഊന്നി പറയാൻ കാരണം ചെറുപ്പക്കാർക്കു ചില കാര്യത്തിൽ പ്രായമായവരേക്കാൾ നന്നായി ചെയ്യാൻ കഴിയും എന്നതുകൊണ്ടാണ് (അതിൽ, വലിയ ഭാരം ചുമക്കൽ, ഭൂമി കുഴിക്കൽ എന്നിവ ഉൾപ്പെടും). ഏതു യുഗത്തിലായാലും ദൈവം ആളുകൾക്കു ചിലതു ചെയ്യാൻ കൊടുത്തിട്ടുണ്ട്. [56]അക്ഷരികമായി, ഇതിന്റെ അർത്ഥം "പൊതിഞ്ഞു" അല്ലെങ്കിൽ "അവനെ മൂടിപ്പൊതിഞ്ഞു" എന്നതു വേഗത്തിൽ ശവസംസ്കാരം നടത്തിയെന്നു സൂചിപ്പിക്കു ന്നു, ഒരു പക്ഷേ ശവമടക്ക് ശീലകൾ പൊതിഞ്ഞായിരിക്കാം (ഗഖഢ അങ്ങനെ പറയുന്നു) ശരീരം മാറ്റുന്നതിനു മുൻപു – ഷീറ്റിൽ പൊതിഞ്ഞു എടുത്തതാകാം ഇതു കഴിവതും രഹസ്യമായി ചെയ്യുന്നതായും സൂചന നൽകുന്നു – സഫീരയെ പത്രൊസ് കണ്ടുമുട്ടുന്നതുവരെ മറ്റാരും ഇതറിയാതിരിക്കാനുമായിരിക്കാം. [57]ഇന്നു, അധികസ്ഥലങ്ങളിൽ സാധാരണ നടക്കുന്നതിനേക്കാൾ വലിയ ആഘോഷത്തോടെയായിരുന്നു അന്നത്തെ ശവ സംസ്കാരം. [58]നാദാബിന്റെയും അബീഹൂവിന്റെയും അപ്പനായ, അഹരോൻ, ശവ സംസ്ക്കാരത്തിൽ വിലപിക്കാൻ പോലും അനുവദിച്ചിരുന്നില്ല! [59]മറ്റൊരു കഥക്കും

സാദ്ധ്യതയുണ്ട്. അവർ തീരുമാനിച്ച പദ്ധതി ആദ്യം അവർ പണം അപ്പൊസ്തലൻമാരുടെ അടുക്കൽ എത്തി ലഭിക്കാവുന്ന പുകഴ്ച വാങ്ങിയതിനു ശേഷം അവശേഷിക്കുന്നതു പിന്നെ സഫീരയ്ക്കു കൊടുക്കാം എന്നും ആയിരിക്കാം, എങ്ങനെയായാലും പരമ്പര തുടരുകയാണ്. [60]വിലക്കിയില്ലായിരുന്നെങ്കിൽ വാക്കുകൾ വ്യാപിച്ചു സഫീരയുടെ അടുക്കൽ എത്തുമായിരുന്നു.

[61]എങ്ങനെയായാലും അതു നോക്കുക, അത്ഭുതം തന്നെ! പരദൂഷണത്തെ ഇഷ്ടപ്പെടുന്നവർക്കിടയിലാണ് ഇതു നടന്നത്, എന്റെ ക്ലാസിലുള്ളവരോടു ഞാൻ പറഞ്ഞു, "ഇതു പ്രവൃത്തികളുടെ പുസ്തകത്തിലെ ഏറ്റവും വലിയ അത്ഭുതമാണ്!" ബൈബിൾ വിമർശകർ ഇതിനെ "അസാധ്യമെന്നു" കരുതുന്നു, രണ്ടായിരം വർഷങ്ങൾക്കു ശേഷമുള്ളവരുടെ സങ്കല്പത്തേക്കാൾ ജീവിച്ചിരുന്ന ഒരാളുടെ സാക്ഷ്യം ഞാൻ വിശ്വസിക്കുന്നു! സന്നിഹിതരായിരുന്നവരെ അവർ കണ്ടതു സംസാരിക്കുവാൻ അനുവദിച്ചിരുന്നു, "കേട്ടവരെല്ലാം" എന്നാണ് 5-ാം വാക്യം പറയുന്നത്. [62]പത്രൊസ് അങ്ങനെ ഒരു വിലക്കു കല്പിച്ചിരുന്നെങ്കിൽ, അതു നല്ല ഉദ്ദേശമായിരുന്നു. സ്നേ ഹം നമ്മിൽ ഏറ്റവും നല്ല പ്രവർത്തിചെയ്യുവാൻ പ്രേരിപ്പിക്കും (1 കൊരിന്ത്യർ 13:7). പത്രൊസ് അവളെ "കെണിയിൽ വീഴ്ത്തി" എന്നുപറയുന്നവർ പത്രൊസിനേയും അവരെയും അയോഗ്യരാക്കുന്നു. [63]"റെസ്പോൺടഡ് ടു ഹേർ" എന്നതു ലൂക്കൊസ് നല്കുന്നതു ആത്മാവിന്റെ ചുരുക്കിയ വിവരണങ്ങളാണ് – നമ്മൾ അറിയേണ്ടതു മാത്രം കൂടുതൽ ഒന്നുമില്ല. [64]സഫീരയുടെ പങ്കാളിത്തവും, "*നിങ്ങൾ* നിലം വിറ്റതു" എന്ന വാക്യങ്ങളും ചിലർ എടുത്തു പറയുന്നതു നിലം അനന്യാസിന്റേതായിരുന്നില്ല, സഫീരയുടേതായിരുന്നു എന്നാണ്. [65]അനന്യാസ് വിറ്റ നിലത്തിന്റെ വില പത്രൊസ് സഫീരയോട് ചോദിച്ചപ്പോൾ അവൾ സമ്മതിച്ചു പറയുകയാണ് ചെയ്തത്. അവൾ മാനസാന്തരപ്പെട്ടു എന്നു പറഞ്ഞു വെന്ന *സൂചന* അങ്ങനെയാണെങ്കിൽ – പത്രൊസ് അവളോടു കഠിനമായി സംസാരിക്ക യല്ലായിരുന്നു, ദൈവം ശിക്ഷിക്കില്ലായിരുന്നു. [66]*തെറ്റായ ഐക്യതയാണിത്.* ഇവ സമ്മതിച്ചതാണ് (ആമോസ് 3:3; KJV), ദൈവേഷ്ടത്തിനു വിരുദ്ധമായതിനെയാണ് അവർ സമ്മതിച്ചത്. ഐക്യത പരമപ്രധാനമാണ് (യോഹന്നാൻ 17:20–23), എന്നാൽ ദൈവത്തെ അനുസരിക്കുക എന്നതാണ് *കൂടുതൽ* പ്രാധാന്യമേറിയത് (മത്തായി 10:34). [67]ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്ത "പരീക്ഷ" എന്ന വാക്കിനു "പരിശോധന" എന്ന അർത്ഥമാണുള്ളത് (KJV നോക്കുക) എങ്ങനെയായാലും, ഇംഗ്ലീഷ് വാക്ക് "ടെസ്റ്റ്" "തെറ്റു ചെയ്യുവാനുള്ള പരീക്ഷ" എന്നാണ് വിവരിക്കുന്നത്, "ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടുന്നവനല്ല [ഗ്രീക്ക് വാക്ക്] എന്നു യാക്കൊബ് പറഞ്ഞിരിക്കുന്നു" (യാക്കൊബ് 1:13), ഈ വാക്യത്തിൽ "ടെസ്റ്റ്" എന്നതാണ് നല്ലവാക്ക്. [68]ഒരു ഭർത്താവ് ഭാര്യയെ "പരീക്ഷിക്കുന്നതു," വിശ്വസിക്കുന്നതു കൊണ്ടല്ല, *അവിശ്വസിക്കുന്നതു* കൊണ്ടാണ്. [69]ബർട്ടൺ കോഫ്മാൻ വിശ്വസിക്കുന്നത്, അത്തരം വില്പന പരസ്യമായ രേഖയായി തീരും എന്നാണ് (കോഫ്മാൻ, 103) അതങ്ങനെയായാലും അല്ലങ്കിലും ഈ വസ്തുത പരക്കെ അറിയപ്പെട്ടു (സംഖ്യാപുസ്തകം 32:23). [70]ലൂയിസ് ഫോസ്റ്റർ, നോട്ട്സ് ഓൺ അക്ട്സ്, *ദി NIV സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1652.

[71]ഒന്നുകിൽ അവർ അവിടെ ഉണ്ടായിരുന്നു എന്നു പരിമിതമായ കാൽപ്പാദങ്ങൾ കേൾക്കുകയോ, പരിശുദ്ധാത്മാവ് പറയു കയോ ചെയ്തിരിക്കാം

അടക്കത്തിനു മൂന്നുമണിക്കൂർ എടുത്തു. [72]സഫീരക്കു "ഇരട്ട ഞെട്ടലുണ്ടാക്കി" എന്നാണ് വ്യാഖ്യാതാക്കൾ പറയുന്നത്, അവർക്കു ഹൃദയാഘാതം ഉണ്ടാകുവാൻ ഇതു മതി എന്നും പറയുന്നു. എങ്ങനെയായാലും,അവർക്കു രണ്ടു പേർക്കും *പ്രകൃതിദത്തമായി* മൂന്നു മണിക്കൂർ ഇടവിട്ടാണ് സംഭവിച്ചതെന്നു പറയുന്നു രണ്ടു പേർക്കും "ഹൃദയത്തിന് തകരാറാ" യിരുന്നു, പക്ഷെ എന്തായാലും അതു ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു എന്നു സ്പഷ്ടം. [73]അവൻ ഈ പ്രഖ്യാപനം നടത്തുമ്പോഴും ആത്മനിയോഗത്തിൽ തന്നെയാ യിരുന്നു. [74]ഇതേ പ്രയോഗം തന്നെയാണ് 5-ാം വാകൃത്തിലും ഉള്ളത് – സഫീരക്കു സംഭവിച്ചത് ദൈവത്തിന്റെ ന്യായവിധിയാകുന്നു എന്നു വീണ്ടും ഊന്നിപറയട്ടെ. [75]റിച്ചാർഡ് എഫ് വേ മൗത്ത്, ദി ന്യൂ ടെസ്റ്റമെന്റ് ഇൻ മോഡേൺ സ്പീച്ച്. [76]വില്ല്യം എഫ്. ബെക്ക്, ദി ന്യൂ ടെസ്റ്റ മെന്റ് ഇൻ ദി ലാംഗ്വേജ് ടുഡേ. [77]കെജെവിയിൽ പ്രവൃത്തി 2:47-ൽ "സഭ" എന്നാ ണ്, എന്നാൽ നല്ല കയ്യെഴുത്തു പ്രതിയിൽ *എക്ക്ലേസിയ* എന്ന വാക്കല്ല (പ്രവൃത്തി 2:47 ലെ വ്യാഖ്യാനം നോക്കുക). തർക്കരഹിതമായി ആദ്യമായി "സഭ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് പ്രവൃത്തി 5:11 ലാണ്. [78]പ്രവൃത്തികളുടെ പുസ്തകത്തിൽ ഈ വാക്കിന്റെ ഉപയോഗം ഏതാണ്ട് ഇരുപത്തി – മൂന്നു പ്രാവശ്യം ഉണ്ട്. [79]എക് (ഔട്ട്) + *കാലിയോ* (ടുകാൾ). സെപ്റ്റിജിന്റിൽ ഇതിന്റെ ഉപയോഗം നിമിത്തം ചിലർ *എക്ക്ലേസ്യ*യുടെ അടിസ്ഥാന അർത്ഥത്തെ വെല്ലുവിളിക്കുന്നുണ്ട്. എങ്ങ നെയായാലും, ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത്, ഇതുതന്നെയാണ് ഇതിന്റെ *മൂലാർത്ഥം* എന്നാണ്. [80]"സഭ" എന്നതു ഗ്ലോസെറിയിൽ നോക്കുക.

[81]"മരുഭൂമിയിലെ ഇടവകയെ [യിസ്രായേൽ]" സൂചിപ്പിച്ചും ഒരിക്കൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തി 7:38). [82]"സഭ" എന്ന വാക്ക് "കൂടി വരവ്" എന്നു ശരിയായ അർത്ഥത്തിലും ഉപയോഗിക്കാം, ഇവിടെ ക്രിസ്തീയ സഭാ യോഗം ആണ് (1 കൊരിന്ത്യർ 14:23). [83]"ദൈവത്തെ കവർച്ച ചെയ്യുന്നു" എന്നാണ് പ്രവാചകനായിരുന്ന മലാഖി പറഞ്ഞത് (മലാഖി 3:8). [84]റിക്ക് അച്ചലേയുടെ "യൂ കാന്റ് ഹൈഡ് ദോസ് ലൈയിങ്ങ് ഐസ്" എന്ന പുസ്തകത്തിൽ, നിന്നെടുത്ത ചിന്തയാണിത്. 1985 ജാനുവരി 27 ന് ടെക്സാസിലെ, അബീലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചു. [85]ചില രോഗങ്ങൾ ശാരീരിക മരണ ത്തിലെത്തിക്കും (കൊല, ലൈംഗികപാപം, തുടങ്ങിയവ.), എന്നാൽ അധികം പാപ ങ്ങളുടെയും അനന്തരഫലം ഇപ്പോൾ കാണുകയില്ലെങ്കിൽ ന്യായവിധിയിൽ കാണാം. [86]ഇവയിൽ അറിയപ്പെട്ടത് ഓക്ളഹോമിലെ കോളിൻസ്‌വില്ലെയിലെ, സഭ യിലെ – മൂപ്പന്മാർക്കെതിരെയുള്ള ഉണ്ടായ കേസാണ്. [87]1 കൊരിന്ത്യർ 5:5, 7, 9, 11, 13; 2 തെസെലോനിക്യർ 3:6. [88]അത്ഭുതങ്ങളും അടയാളങ്ങളും *അപ്പൊസ്തലന്മാ രുടെ* കയ്യാൽ നടന്നു എന്നു വേദഭാഗം തുടർന്നു പറയുന്നു. ഇതുവരെ, ആ കഴിവ് മറ്റാർക്കും ലഭിച്ചിട്ടില്ല. "അപ്പൊസ്തലന്മാരുടെ അധികാരം ... അവരുടെ മാത്രം കൈകളാൽ നടന്ന അത്ഭുതങ്ങളാൽ *പ്രബലപ്പെടുത്തി*" (ഏ.സി. ഹാർവേ, *പുൾപ്പിറ്റ് കമെന്ററി*, വാല്യം 18 [ഗ്രാന്റ് റാപ്പിഡ്, മൈക്ക്.: ഡബ്ലിയു എം.ബി. ഏർഡ്മാൻഡ് പബ്ലിഷിംഗ് കമ്പനി., 1950], 158; എംഫസിസ് മൈൻ). [89]ഇതു സ്പഷ്ടമായും യെരു ശലേം ക്രിസ്ത്യാനികൾ കൂടി വന്ന സ്ഥലമാ യിരുന്നു (പ്രവൃത്തി 3:11). [90]ഒറ്റ നോട്ട ത്തിൽ, ഈ വാക്യങ്ങൾ പരസ്പരവിരുദ്ധമെന്നു തോന്നും. "ശേഷിച്ചവർ" എന്ന തിനെ സംബന്ധിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ വിയോജിപ്പുണ്ട്, എങ്കിലും സന്ദർഭം വ്യക്തമാണ്: അനന്യാസിനും സഫീറയ്ക്കും സംഭവിച്ചതിൽ ചിലർ ഭയചകി തരായെങ്കിലും, പൊതുവിൽ സഭയ്ക്കു അതു ഗുണകരമായി.

[91]സ്ത്രീകൾ ക്രിസ്ത്യാനികളായിത്തീർന്നു എന്നു ഇതാദ്യമായിട്ടാണ് പറയുന്നത് – മുൻപു പലതും ഉണ്ടായിക്കാണാം (കൂട്ടായ്മ ഭക്ഷണം സ്ത്രീകളില്ലെങ്കിൽ പിന്നെ ആരുണ്ടാക്കികാണും?) ഒരു സ്ത്രീ അംഗത്തെ മുൻപു പറഞ്ഞു കഴിഞ്ഞു (നല്ല മാതൃകയല്ലെങ്കിലും): സഫീര 92. [92]"ബന്ധപ്പെടുക" എന്ന അക്ഷരിക അർത്ഥമാണ് "ചേരുക" എന്നതിനുള്ളത്. "കാളവണ്ടിയിൽ ചാടിക്കയറുക" എന്ന പ്രയോഗം ഉണ്ടായിരുന്നു. ഇതു "പ്രചാരത്തിലിരിക്കുന്ന പ്രസ്ഥാനവുമായി ചേരുന്നതിനെ" ആലങ്കാരികമായി പറയുന്നതാണ്. [93]ഇതൊരു പരീക്ഷണമായിരുന്നു, കാരണം എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റതുണ്ടായിരുന്നു. ചിലർ ഇന്നും സഭകാര്യങ്ങൾ സ്വയമായി ചെയ്യുന്നതുകൊണ്ട് "സഭയിൽ ചേരുവാൻ" പരീക്ഷിക്കപ്പെടുന്നുണ്ട്. [94]ചിലർ "ശേഷമുള്ളവർ" എന്നതു സഭയിലെ മറ്റംഗങ്ങൾ ആണെന്നു കരുതുന്നു, അവർ അപ്പോസ്തലന്മാരിൽ നിന്നകന്നിരുന്നു. വേറെ ചിലർ "ശേഷിച്ചവർ" എന്നതു ക്രിസ്തുവിന്റെ ശത്രുക്കൾ ആണെന്നു കരുതുന്നു. അവർ സഭ വിട്ടു പോയവരാണ്. ഞാൻ, എങ്ങനെയായാലും, ഇഷ്ടപ്പെടുന്നതു "ബന്ധപ്പെടുക" എന്ന ക്രിയാരൂപമാണ്. അക്ഷരികമായി അർത്ഥം "ചേർക്കപ്പെടുക" എന്നാണ് (KJV സൂചിപ്പിക്കുന്നതുപോലെ). സഭയിൽ "ചേരുന്നു" എന്നു പറയുന്നവരും "സഭയോടു ചേർക്കപ്പെടുന്നു" എന്നു പറയുന്നവരും തമ്മിൽ ഒരു വ്യത്യാസം നില നില്ക്കുന്നുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു (വാക്യം 14). (പ്രവൃത്തി 2:47 നോക്കുക.)